f 107 / 107

923.2
[illegible]

107

# രാഷ്ട്രപതി

ആചാര്യ കൃപലാനി



Price പി.സി. ബുക്ക്സ്റ്റാൾ. കോട്ടയം. As. 8

21006

രാഷ്ട്രപതി

# ആചാര്യകൃപലാനി

ഗ്രന്ഥകർത്താ-
സി. ആർ. അലക്സാണ്ടർ.

വിതരണക്കാർ

പി. സി. ബുക്ക് സ്റ്റാൾ, കോട്ടയം.

Printed at
The Powradhwany Press, Kottayam.

1122. വില 8 ണ.

# ആനന്ദഭവനം

മലയാളത്തിലെ അന്തസ്സുള്ളതും വൻപിച്ചതുമായ
ഒന്നാംകിട നോവൽ വില 3 രൂ. 8 ണ.

## മററു പുതിയ പുസ്തകങ്ങൾ

| | രൂ. | ണ | | രൂ. | ണ |
|---|---|---|---|---|---|
| കന്യാപുത്രി | 1 | 0 | തകഴിയുടെ കഥകൾ | 1 | 4 |
| ഹരിണി | 1 | 4 | പ്രതീക്ഷകൾ " | 1 | 8 |
| ഓമനകൾ | 1 | 0 | മാഞ്ചുവട്ടിൽ " | 1 | 0 |
| രക്താർപ്പണം | 1 | 0 | വെള്ളിമേഘങ്ങൾ | 1 | 0 |
| മാതൃപൂജ | 1 | 0 | ഉദ്യാനം | 1 | 0 |
| പടയാളിയുടെ ആത്മകഥ | 1 | 0 | തേജഃപുഞ്ജങ്ങൾ | 0 | 8 |
| | | | ലീലാസദനം | 1 | 4 |
| പാപത്തിന്റെ നിഴലിൽ | 1 | 0 | പതിവ്രത | 1 | 4 |
| | | | കാമസൂത്രം | 1 | 0 |

വി. പി. അയയ്ക്കാനെഴുതുക.

പി. സി. ബുക്ക്സ്റ്റാൾ—കോട്ടയം.

# സചിത്രചരിത്രഗ്രന്ഥങ്ങൾ

## 1—നേതാജി

സുഭാഷ് ബോസിൻെറ ജീവചരിത്രം, വിമാനാപകടരംഗം, അദ്ദേഹം മരിച്ചെന്നും മരിച്ചില്ലെന്നും ഉള്ളതിനു തെളിവുകൾ-മുതലായ പല വിവരങ്ങളും അടങ്ങിയിരിക്കുന്നു. വില 4 ണ.

## 2. ശ്രീമതി അരുണാ ആസഫാലി

ഈ സോഷ്യലിസ്റ്റ് വീരനായികയുടെ അപദാനങ്ങൾ ആരെയാണ് പുളകം കൊള്ളിക്കാത്തതു്? വില 4 ണ.

## 3. ആചാര്യകൃപലാനി

രാഷ്ട്രപതിയുടെ സമുജ്ജ്വലമായ ജീവചരിത്രചിത്രണം. വില 8 ണ.

## 4. രാജൻബാബു

ഡാക്ടർ രാജേന്ദ്രപ്രസാദിൻെറ-കർമ്മകുശലനായ ആ അപ്രതിമ രാഷ്ട്രീയനേതാവിൻെറ-ചരിത്രമാണിതു് വില 12 ണ.

വി പി അയയ്ക്കാനെഴുതുക.

പി. സി. ബുക്ക്സ്റ്റാൾ കോട്ടയം

# പ്രസ്താവന

കാലമാകുന്ന മണൽത്തിട്ടയിൽ കാൽപ്പാടുകൾ പതിച്ചുകൊണ്ടു മഹാപുരുഷന്മാർ ജീവിക്കുന്നു. ഇൻഡ്യയുടെ ഇന്നത്തെ ചരിത്രമാകുന്ന മണൽത്തിട്ടയിൽ മഹാത്മാഗാന്ധിയുടെ കാൽപ്പാടുകൾ കഴിഞ്ഞാൽ, മിന്നിത്തിളങ്ങുന്ന പാദമുദ്രകളിൽ രാഷ്ട്രപതി ആചാര്യകൃപലാനിയുടേതു പ്രത്യേക പരിഗണന അർഹിക്കുന്നു. ആ ആചാര്യന്റെ പവിത്രമായ കാൽപ്പാടുകൾ തിരിച്ചറിഞ്ഞു പിൻചെല്ലുന്നതിനുള്ള പ്രേരണ നൽകാൻമാത്രം പര്യാപ്തമായ വിവരങ്ങൾ അടങ്ങിയ ഒരു ലഘുജീവചരിത്രഗ്രന്ഥം കൈരളിക്കും കേരളീയർക്കും ഞങ്ങൾ സമർപ്പിച്ചുകൊള്ളുന്നു.

പ്രസാധകർ

# രാഷ്ട്രപതി
# ആചാര്യകൃപലാനി

രാഷ്ട്രപതി ആചാര്യകൃപലാനി—40 കോടി ഭാരതീയർ ഭക്തി ബഹുമാനങ്ങളോടു കൂടി മാത്രം ഉച്ചരിക്കുന്ന നാമധേയമാണിതു്. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറ 54-ാമതു വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതിനോടു കൂടി ആചാര്യകൃപലാനി അനഭിഷിക്ത സമ്രാട്ടായി തീർന്നിരിക്കുന്നു. രാഷ്ട്രപതി ആചാര്യകൃപലാനി നീണാൾ ജയിക്കട്ടെ.

## മുൾക്കിരീടം

രാഷ്ട്രപതി മുൾക്കിരീടം ആണു ധരിക്കുന്നതെന്നു മഹാത്മാഗാന്ധി തനിക്കു മാത്രം കഴിയുന്ന ആകർഷകമായ രീതിയിൽ പറഞ്ഞിട്ടുണ്ടു്. "ഇതൊരു മുൾക്കിരീടമാണെന്നു ഗാന്ധിജി തന്നെ പറഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിൻെറ വാക്കുകൾ വളരെ അധികം മൈനുകൾ സ്ഥാപിച്ചിട്ടുള്ള തുറമുഖത്തേയ്ക്കു നമ്മുടെ കപ്പൽ അടുത്തു ചെല്ലുന്ന ഇന്നു എന്നത്തേതിലും കൂടുതൽ അന്വർത്ഥമാണു്" എന്നാണല്ലോ മീററിലെ അദ്ധ്യക്ഷപീഠത്തിൽ നിന്നുകൊണ്ടു ആചാര്യകൃപലാനി പ്രസ്താവിച്ചതു്. എന്നാൽ ഒരു കാലത്തു ആ കിരീടത്തിൽ ഉണ്ടായിരുന്ന പൂക്കൾ പൊഴിഞ്ഞു പോയിരിക്കുന്നു എന്നും മുള്ളുകൾ മാത്രം ശേഷിച്ചിരിക്കുന്നു എന്നും ഗാന്ധിജി തുടർന്നു പറഞ്ഞിട്ടുണ്ടെന്നും സ്മരണീയമാണു്: രാഷ്ട്രപതിയുടെ പദവിക്കുണ്ടായിരുന്ന പുഷ്പതുല്യങ്ങളായ പ്രതാപൈശ്വര്യങ്ങളും സുഖങ്ങളും നശിച്ചിരിക്കുന്നു എന്നും ഉൽക്കണ്ഠാജനകങ്ങളായ ഉത്തരവാ

ദിതപങ്ങളും കടമകളും കണ്ടുകം കണ്ണൊക്കെ ശേഷിക്കുന്ന എന്നും ആണു ഗാന്ധിജി സൂചിപ്പിക്കുന്നത്. മുൾക്കിരീടം ക്രൈസ്തവലോകത്തിൽ ത്യാഗത്തിനും പീഡനത്തിനും പര്യായപദം കൂടി ആണ്. അങ്ങനെ ഗാന്ധിജി വ്യാഖ്യാനിക്കുന്ന വിധത്തിൽ ആയാലും ശരി, ക്രൈസ്തവലോകത്തിൽ ഗണിക്കപ്പെടുന്നതുപോലെ ആയാലും ശരി, ആ മുൾക്കിരീടം ധരിച്ചിരിക്കുന്ന ഈ ആചാര്യകൃപലാനി ആരാണ്.?

## വ്യക്തിവിലാസം

"ലക്ഷംമാനുഷർ കൂടീടുമ്പോൾ ലക്ഷണമുള്ളതിലൊന്നോരണ്ടോ" ആയിരിക്കുമല്ലോ. ആചാര്യകൃപലാനി അങ്ങനെ ലക്ഷണമൊത്ത ആൾ ആണെങ്കിലും ശരി, അല്ലെങ്കിലുംശരി ലക്ഷംപേർകൂടിയ സഭയിലും ആചാര്യകൃപലാനി നിരീക്ഷകന്മാരുടെ നേത്രങ്ങളെ ആകർഷിക്കുമെന്നുള്ളതിനു സംശയമില്ല. അത്ര പ്രത്യേകവും പ്രിയദർശനീയവുമാണ് അദ്ദേഹത്തിന്റെ രൂപം. നീണ്ടുമെലിഞ്ഞ ശരീരം, വരണ്ട ചുണ്ടുകൾ, ഒട്ടിയ മുഖം, ജാഗരൂകമായ നേത്രങ്ങൾ, ഒരിക്കലും ചീകി ഒതുക്കാത്ത തലമുടി മുതലായ ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ സ്ഥാനം റഷ്യൻ വിപ്ലവനേതാക്കന്മാരുടെ മദ്ധ്യത്തിൽ ആണെന്നു വിചാരിക്കാൻ ഇടയാക്കുന്നവയാണ്. അദ്ദേഹം കുറച്ചേ ഉറങ്ങാറുള്ളു. ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഇഷ്ടമില്ലാത്ത വിധത്തിൽ പറയാൻ ഒരു പ്രത്യേക വാസനയുണ്ട്. ഹിതാഹിതങ്ങൾ ഉഗ്രമാണെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ മാനുഷികകാരുണ്യദുഗ്ദ്ധം നിറഞ്ഞ ഒരു ഹൃദയമാണ് അദ്ദേഹത്തിനുള്ളത്. ബാഹ്യമായ ആകൃതി ഒട്ടും പ്രിയംകരമല്ലെങ്കിലും ആഭ്യന്തരമായ പ്രകൃതി തികച്ചും പ്രിയംകരമാണ്. വപുസ്സ് സുന്ദരമല്ലെങ്കിലും മനസ്സു സുന്ദരംതന്നെയാണ്. പലപ്പോഴും ഒരു പുഞ്ചിരികൊണ്ട് ആചാര്യകൃപലാനിയുടെ മുഖം പ്രശോഭിതമായിട്ടാണ് കാണാറുള്ളത് വേലചെയ്യു

അദ്ദേഹത്തിന്റെ ദേഹം ക്ഷീണിച്ചുകഴിഞ്ഞാൽ ചുണ്ടുകൾ സ്വയംപുഞ്ചിരിതൂകി വിടരും. എന്നാൽ അതു് ഒരു വൈരാഗിയുടെ വിളറിയ പുഞ്ചിരി ആയിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല. നീണ്ടുനിൽക്കുന്ന മൌനവും ഉത്തുംഗമായ ഗാംഭീര്യവും അദ്ദേഹത്തിനു് ഗോപ്യതയുടെ ഒരു പരിവേഷംനൽകുന്നു. അഹിതമായ ഒരു വാക്കു കേട്ടാൽമതി, അദ്ദേഹം പെട്ടെന്നു് ചൊടിച്ചുണർന്നു് ഉജ്ജ്വലിച്ച വാക്കുകൾ ഉദീരണംചെയ്യുകയായി. വക്രതിരിവു് അദ്ദേഹത്തിന്റെ കൂടെപ്പിറവിയാണു് അദ്ദേഹത്തിന്റെ ഉഗ്രമായ ഫലിതം ശ്രോതാക്കളിൽ ഭയം ജനിപ്പിക്കുന്നു. ആ വാക്കുകളുടെ ഉടമസ്ഥനെ ബഹുമാനിച്ചേതീരൂ എന്നു് അവ ശ്രോതാക്കളെ നിർബന്ധിക്കും. ഇംഗ്ലീഷ് സാഹിത്യ സമ്രാട്ടായ ഷായെ അനുസ്മരിക്കുന്ന എന്തോ ചിലതു് കൃപലാനിയിൽ ഉണ്ടു്. അഹങ്കാരത്തിന്റെ പല രൂപഭേദങ്ങളും ഷായെപ്പോലെതന്നെ കൃപലാനിക്കുമുണ്ടു്. ആഭ്യന്തരമായ വിവേകവും ആർജ്ജവവും മറച്ചുവയ്ക്കുന്ന ബാഹ്യമായ ബാലിശത്വം, കൃപലാനിക്കു ഷായെപ്പോലെതന്നെ ഉണ്ടു്. ഒരു രാഷ്ട്രീയ ചർച്ചയിൽ പല വേഷം കെട്ടാൻ അദ്ദേഹത്തിനു കഴിയും. ശാന്തമായും നിരുദ്വേഗമായും ന്യായം പറയാൻ അദ്ദേഹം പ്രാപ്തനാണു്. അതുപോലെ ആസ്വാദനീയമായ അസംബന്ധം പറയാനും അദ്ദേഹം മിടുക്കൻതന്നെ. ഉൽസാഹവും ക്ഷോഭവും പ്രകടിപ്പിക്കുന്നതുപോലെ ശാന്തതയും സ്ഥൈര്യവും പ്രകടിപ്പിക്കാനും അദ്ദേഹംപ്രാപ്തനാണു്. അദ്ദേഹം കുതിച്ചുചാടി സ്തുതിക്കയും ഇളകിമറിഞ്ഞു പരിഹസിക്കുകയും ചെയ്യും. ഫലിതംപറഞ്ഞു ചിരിക്കുകയും ചിരിപ്പിക്കുകയും ചെയ്യുമ്പോൾ മാർദ്ദവമില്ലാത്ത ബാഹ്യരൂപം മറഞ്ഞു അദ്ദേഹത്തിനു എവിടെനിന്നോ ഒരു ആകർഷണം കിട്ടും. വികാരങ്ങൾ ഇളകി മറിയുന്ന എ ഐ സി സി യോഗത്തിലായാലും ശരി, രാജ്യത്തിന്റെ മുഴുവൻ ശ്രദ്ധ പതിഞ്ഞു തിളങ്ങിനിൽക്കുന്ന കോൺഗ്രസ് പൂർണ്ണസമ്മേളനത്തിലായാലും ശരിഖണ്ഡനാത്ത

നും മണ്ഡനത്തിനും ഒരുപോലെ വിരുതനാണു കൃപലാനി. എന്നാൽ മണ്ഡനത്തേക്കാൾ ഖണ്ഡനം ആണു് കൃപലാനിക്കു കീൎത്തി വൎദ്ധിപ്പിക്കുന്നതു്. ഖണ്ഡനം ചെയ്യുമ്പോൾ ആണു് അദ്ദേഹത്തിന്റെ ബുദ്ധിപരമായ ഏററവും വലിയ കഴിവുകൾ വെളിപ്പെടുന്നതു് പൊട്ടിത്തെറിക്കുന്ന ഒരു അഗ്നിപർവതത്തിൽനിന്നു ലാവാപോലെ വാദപ്രതിവാദങ്ങളിൽ പ്രതിയോഗികളുമായി ഏററുമുട്ടുന്ന കൃപലാനിയുടെ വക്ത്രത്തിൽനിന്നു അറിവും ന്യായവും പ്രത്യുൽപന്നമതിത്വവും ഒരുപോലെ ഉരുകിക്കൂടിച്ചേൎന്ന വാക്കുകൾ തെരുതെരെ ഉതിൎന്നുവീഴും. ഇതു കണ്ടും കേട്ടും അൽഭുതപ്പെട്ട ഒരു ബ്രി പത്രലേഖകനാണു അദ്ദേഹത്തെ കോൺഗ്രസിലെ ഷായെന്നു വിളിച്ചതു്. നാവും പേനയും ഒരുപോലെ പ്രയോഗിക്കാൻ ഉള്ള വിദഗ്ദ്ധപരിശീലനം കൃപലാനിക്കു ലഭിച്ചിട്ടുണ്ടു്. അദ്ദേഹം കോൺഗ്രസ് സഭാമണ്ഡപത്തിൽ പയററിത്തെളിഞ്ഞിട്ടുള്ള ഒരു പഴയ പോരാളിയാണു-അസാധാരണമുഖവും മുഖഭാവത്തേക്കാൾ അസാധാരണമായ കണ്ണുകളും ഉള്ള ഈ പഴയ കോൺഗ്രസ്കാരനാണു് അദ്ദേഹം.

ഒരുത്തന്റെ ഏററവും ദീൎഘമായ പ്രസംഗത്തേക്കാൾ പ്രധാനമായിട്ടുള്ളതു അദ്ദേഹത്തിന്റെ പ്രത്യേക സ്വഭാവമാണെന്നും അദ്ദേഹത്തിന്റെ വാക്കുകൾ എഴുത്തിനേക്കാൾ വിശ്വസിക്കാവുന്ന സാക്ഷ്യപത്രമാണെന്നും പറയപ്പെടുന്നു. കൃപലാനി പുസ്തകങ്ങൾ എഴുതുകയും പുസ്തകങ്ങളെ എത്രയോ മടങ്ങു അതിശയിക്കുമാറു് പ്രസംഗങ്ങൾ ചെയ്യുകയുമുണ്ടായിട്ടുണ്ടു്. എന്നാൽ അദ്ദേഹം ആ ഗ്രന്ഥങ്ങളെയും പ്രസംഗങ്ങളെയും അതിശയിക്കുന്നു. അദ്ദേഹവുമായി അല്പനേരത്തെ പരിചയം മാത്രം മതി അദ്ദേഹം കമലോത്ഭവന്റെ പ്രത്യേകസൃഷ്ടിയാണെന്നു കാണാൻ. മററുള്ളവരെ വാൎത്ത മൂശയിൽ അല്ല അദ്ദേഹം വാൎത്തെടുക്കപ്പെട്ടിട്ടുള്ളതു്-പിന്നെയോ പലരെയും വാൎത്തെടുത്തു കഴിഞ്ഞതിനുശേഷം പ്രത്യേകമായ മൂശയിൽ ആണു് അദ്ദേഹത്തിന്റെ സൃഷ്ടികൎമ്മം നിൎവഹിച്ചിട്ടുള്ളതു്.

ആചാര്യകൃപലാനിയുടെ വ്യക്തിവിലാസം സാമാന്യജനങ്ങളെ മാത്രം ആകർഷിക്കുന്നതാണെന്നാരും സംശയിച്ചുപോകേണ്ട. ആചാര്യ കൃപ്ലാനിയെപ്പോലെതന്നെയുള്ള വിദ്യാഭ്യാസവും നിലയും വിലയും ഉള്ളവരും അദ്ദേഹത്തിന്റെ വ്യക്തിവിലാസത്താൽ ആകർഷിക്കപ്പെട്ടിരിക്കുന്നു. അലഹബാദ് സർവകലാശാലയിലെ ലാറീഡർ പ്രഫസ്സർ കെ. കെ. ഭട്ടാചാര്യ എം ഏ എൽ എൽ എം ബാർ ആറ്റ് ലാ ആചാര്യകൃപലാനിയെപ്പറ്റി പറയുന്നതു ശ്രദ്ധേയമാണ്:- ദാദാ അഥവാ ചേട്ടൻ എന്നു സുഹൃത്തുക്കളും പരിചയപ്പെടുന്നവരും സ്നേഹപൂർവം സംബോധന ചെയ്യത്തക്ക വിധത്തിൽ മറ്റുള്ളവരുടെ സൗഖ്യത്തിൽ അത്ര ഉൽക്കണ്ഠയുള്ള ഒരാളാണ് നമ്മുടെ പുതിയ രാഷ്ട്രപതി. അധൃഷ്യമായ ധൈര്യം, അസാമാന്യമായ ഊർജ്ജസ്വലത, ബുദ്ധിവൈശിഷ്ട്യം, ഉൽകൃഷ്ടമായ ആദർശങ്ങൾ, രാജ്യഭക്തി എന്നീ ഗുണങ്ങൾ അദ്ദേഹത്തെ അലങ്കരിക്കുന്നു. ഏത്ര സാധാരണമായ കോൺഗ്രസ്സ് പ്രവർത്തനവും ഈ മഹാനെ വെറുപ്പിക്കുന്നില്ല. ബനാറീസിൽ വച്ചു ഖാദി ഇദ്ദേഹം ചുമന്നുകൊണ്ടു നടന്നു വിൽപ്പന നടത്തീട്ടുണ്ട്: പതിരിൽ നിന്നു നെല്ലു കണ്ടറിയുന്നതിനുള്ള ഒരു പ്രത്യേക വൈദഗ്ദ്ധ്യം ഇദ്ദേഹത്തിനുണ്ട്. യാതൊരു വികാരവും ഇളക്കവ്യാക്രടാതെ കാര്യങ്ങൾ ചുഴിഞ്ഞു നോക്കിക്കാണാനും ഇദ്ദേഹത്തിനു കഴിയും. അപഗ്രഥനപടുവായ ഇദ്ദേഹത്തിന്റെ വിശകലനസാമർത്ഥ്യം സീമാതീതമാണ്. ഒരു ചെറിയ പപുസ്സിൽ വലിയ മനസ്സിനെ വഹിക്കുന്ന ഈ മഹാൻ ലഘുജീവിതവും ഉൽകൃഷ്ടചിന്തയും എന്ന ഭാരതീയാദർശത്തിന്റെ മൂർത്തിഭാവമാണ്. ലഘുത്വവും കേവലത്വവും ഇദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രബലഘടകങ്ങളാണ്.

## ജനനം

ആചാര്യ ജെ. ബി. കൃപലാനി സിൻഡിലെ ഹൈദരബാദിൽ 1888-ൽ ജനിച്ചു. ഏഴ സഹോദരന്മാരിൽ ആറാമത്തേയാൾ ആയിരുന്നു കൃപലാനി. അദ്ദേഹത്തിൻെറ അച്ഛൻ ഒരു റിട്ടയാർഡ് തഹസീൽദാർ ആയിരുന്നു. വൈവിദ്ധ്യത്തിൽ ആയിരുന്നു കൃപലാനി സഹോദരന്മാരുടെ ഐക്യം. രണ്ടു പേർ ഇസ്ലാം സ്വീകരിച്ചു. ഒരാൾ ഖിലാഫത്തു പ്രക്ഷോഭണകാലത്തു അധികൃതന്മാർക്കു പിടികൊടുക്കാതെ അഫ്ഗാനിസ്റ്റാനിലേക്കു ഓടിപ്പോയി. അവിടെ വച്ചു മരിച്ചു. ഇസ്ലാം മതം സ്വീകരിച്ച അപരൻ ടർക്കിക്കു വേണ്ടി ഗ്രീസിനെതിരായി യുദ്ധം ചെയ്തു പ്രാണത്യാഗം ചെയ്തു. സ്വതന്ത്രബുദ്ധിയും സാഹസകൃത്യങ്ങളിൽ അഭിരുചിയും കൃപലാനി കുടുംബത്തിനു പൊതുവെ പാരമ്പര്യമായും പ്രത്യേകിച്ചു പൈതൃകമായും ലഭിച്ചിരുന്നു. ഗംഭീരമായ കുടുംബമന്ദിരത്തിൻെറ അന്തികത്തിൽ ഒരു പർണ്ണശാല ചമച്ചു് അവിടെ ആർഷജീവിതം നയിച്ച ആളായിരുന്നു കൃപലാനിയുടെ അച്ഛൻ. വീട്ടുകാർക്കും നാട്ടുകാർക്കും അദ്ദേഹത്തോടുള്ള ഭയഭക്തികൾ നിസ്സീമമായിരുന്നു. ആരോടും പെട്ടെന്നു കോപിക്കുകയും കോപം തോന്നിയാൽ അത്യു പരുഷമായ വാക്കുകളാലും പ്രവൃത്തികളാലും പ്രകടിപ്പിക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു ആ പെൻഷൻ പററിയ തഹസീൽദാരുടേതു്. ബ്രി. ഗവർമ്മെൻറിനെ വിശ്വസ്തതയോടുകൂടി സേവിച്ചു അടിത്തൂൺ വാങ്ങി ഉദ്യോഗത്തിൽ നിന്നു വിരമിച്ച ഒരു തഹശീൽദാരുടെ പുത്രൻ ആ ഗവർമ്മെൻറിൻെറ ഇൻഡ്യയിലെ ഏററവും വലിയ ശത്രുക്കളിൽ ഒരാൾ ആയിത്തീർന്നതു് വിധിവൈപരീത്യമായി വിചാരിക്കുന്നവർ ഉണ്ടായിരിക്കണം. എന്നാൽ ഒരു വലിയ നാരായണഭക്തനായിരുന്ന ആ അച്ഛൻെറ മകൻ ഒരു യഥാർത്ഥ ദരിദ്രനാരായണഭക്തനായിത്തീർന്നു ദാരിദ്ര്യത്തെയും ദാരിദ്ര്യത്തിനു കാരണവും ദാരിദ്ര്യത്തെക്കാൾ ക്ലേശകരവും ആയ പാരതന്ത്ര്യത്തെയും ഉച്ചാടനം ചെ

യ്യുവാൻ ജീവിതം ഉഴിഞ്ഞുവച്ചതു സമുചിതമായ ഒരു സംഭവവികാസമാണെന്ന് എല്ലാവരും സമ്മതിക്കും. പെട്ടെന്നു കോപിച്ചു ലഹള കൂട്ടുന്ന സ്വഭാവം കൃപലാനിക്ക് അച്ഛനിൽ നിന്നു ലഭിച്ചിട്ടുണ്ടെന്നുകൂടി പ്രസ്താവനീയം ആണ്. സാഹസകർമ്മങ്ങൾക്കു ജന്മസിദ്ധമായ വാസന കൃപലാനിയുടെ സഹോദരന്മാക്കുണ്ടായിരുന്നു. രണ്ടുപേർ ഇസ്ലാംമതം സ്വീകരിച്ചുകൊണ്ടു ചെയ്ത കാര്യങ്ങൾ പരാമർശിച്ചുകഴിഞ്ഞല്ലോ. മൂന്നാമത്തെ സഹോദരനാണു സിൻഡ് ഹൈദരബാദിൽ ഒരു തുകൽക്കട ആദ്യമായി ആരംഭിച്ചതെന്നും ഏഴാമത്തെ ആൾ കാഷായവസ്ത്രധാരിയായ ഒരു സന്യാസിയായിത്തീർന്നു ദേശാടനജീവിതം നയിച്ചു എന്നുംകൂടി പ്രസ്താവനീയം ആണ്. ആചാര്യ കൃപലാനിക്ക് ആരെ എങ്കിലും ഭയം ഉണ്ടായിരുന്നെങ്കിൽ അതു് ഈ കാഷായവസ്ത്രധാരി ആയിരുന്ന സഹോദരനെ ആയിരുന്നു എന്നും കൂടി പറയേണ്ടതുണ്ട്. ചില പഴംകഥകളിൽ പറയുന്നതുപോലെ ഏഴ് ആങ്ങളമാർക്കു കൂടി ഒരു കൊച്ചു പെങ്ങളും ഉണ്ടായിരുന്നു. കൃപലാനി സഹോദരി മാതുട്ടമിയുടെ സേവനത്തിനുവേണ്ടി തന്റെ അവിവാഹിതജീവിതം സമർപ്പിച്ചിരിക്കുന്നു.

## വിദ്യാഭ്യാസം

പ്രക്ഷുബ്ധമായ ഒരു വിദ്യാർത്ഥിജീവിതമാണു കൃപലാനി നയിച്ചതു്. നിരങ്കുശമായ സ്വാതന്ത്ര്യബുദ്ധി, കവിതാപ്രേമം, പാഠ്യപുസ്തകവിരോധം, വെളിയിൽ ഊണ്ടിയുള്ള പ്രവർത്തനങ്ങൾ, എന്നിവയല്ലാം കൃപലാനിയുടെ വിദ്യാർത്ഥിജീവിതം ശ്രദ്ധേയമായിത്തീർന്നു. തന്റെ വായനമുറിയുടെ ഭിത്തികൾ ആംഗ്ലേയ കവിപുംഗവന്മാരുടെ ചിത്രങ്ങൾ കൊണ്ടു് അലങ്കരിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആദ്യം കറാച്ചിയിൽ, അനന്തരം ബോംബെയിൽ, വീണ്ടും കറാച്ചിയിൽ എന്നിങ്ങനെയാണു് അദ്ദേഹത്തിന്റെ കോളജ് വിദ്യാഭ്യാസം പൂർത്തി

യാക്കിയതു്. 1907-ൽ അദ്ദേഹം ബി.ഏ. ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ "ഇന്ത്യാക്കാർ കൊള്ളരുതാത്ത അണയന്മാരാണു്" എന്നു് ഒരു യൂറോപ്യൻ പ്രഫസർ തുറന്ന ക്ലാസിൽ വച്ചു തെളിച്ചുപറഞ്ഞ വാക്കുകൾ ക്രൂരമ്പുകൾ കണക്കെ അദ്ദേഹത്തിന്റെ കാതുകളിലും കരളിലും തുളച്ചുകയറി. ഒരിക്കലും സുഖപ്പെടാത്ത അർബ്ബുദംപോലെ അതു് അദ്ദേഹത്തിന്റെ സൂക്ഷ്മശരീരത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നതായിട്ടാണറിയുന്നതു്. യൂറോപ്യൻ പ്രൊഫസർ അന്നു പറഞ്ഞ വാക്കുകൾ മറക്കുവാനോ അദ്ദേഹത്തോടും അദ്ദേഹത്തെ ഇൻഡ്യയിൽ അയച്ച ബ്രി: ജനതയോടും പൊറുക്കുവാനോ അദ്ദേഹത്തിനു കഴിഞ്ഞിട്ടില്ലെന്നു പറയപ്പെടുന്നു. 30 കൊല്ലത്തിനു മുൻപെ 28-ാമത്തെ വയസ്സിൽ ബീഹാർ ഗവർമ്മെൻറു കോളേജിലെ പ്രൊഫസ്സർ ഉദ്യോഗം വലിച്ചെറിഞ്ഞു് അർദ്ധനഗ്നനായ ഫക്കീറിനെ അനുഗമിച്ചു ഇൻഡ്യയിൽ ബ്രി: അധികാരത്തിന്റെ കോട്ട ആക്രമിക്കുവാനും അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നതുപോലെ നമ്മുടെ നേതാക്കന്മാരും പ്രതിനിധികളും ആയവർ കോട്ട തകത്തു് ഉള്ളിൽ കയറുന്നതുവരെയും സ്വാതന്ത്ര്യം ദൃഷ്ടിപഥത്തിൽ ആകുന്നതുവരെയും വിജയകരമായി ആക്രമണം തുടരാനും രാജ്യത്തിന്റെയും ലോകത്തിന്റെയും അഭൂതപൂവ്മായ ഒരു പ്രതിസന്ധിഘട്ടത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വം സ്വീകരിക്കാനും വേണ്ട ശിരസ്സിന്റെയും ഹൃദയത്തിന്റെയും ശക്തി സംഭരിക്കാൻ തുടങ്ങിയതു് അന്നായിരുന്നു. നിസ്സഹായരായ ഒരു കൂട്ടം വിദ്യാർത്ഥികളുടെ മുഖത്തു നോക്കി നിർഭാഗ്യരായ ഒരു രാഷ്ട്രജനതയെ മുഴുവൻ ആക്ഷേപിച്ചപ്പോൾ ഒരു വലിയ സാമ്രാജ്യശക്തിയെ എതിരിട്ടു കീഴ്പ്പെടുത്തുന്നതിനുള്ള ഒരു വലിയ സേനയ്ക്കു ഒരു വലിയ നായകനെ നൽകി എന്നു് അഹങ്കാരംകൊണ്ടു കണ്ണു കാണാതായിത്തീർന്ന ആ മുട്ടാളനായ ബ്രിട്ടീഷ് പ്രഫസ്സർ ഒരിക്കലും ചിന്തിച്ചിരിക്കയില്ല. പിന്നീടതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടെങ്കിൽ അതു പശ്ചാത്താപത്തോടുകൂടി

ആയിരുന്നാലും ശരി, ഇല്ലെങ്കിലും ശരി ഇപ്പോൾ അദ്ദേഹം ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അതിനെപ്പററി ചിന്തിക്കുന്നതു പശ്ചാത്താപത്തോടുകൂടി ആയിരിക്കണം. അന്നുപോലും ആ ജനതാനിന്ദനം പ്രതിഷേധം കൂടാതെ കേട്ടുകൊണ്ടിരിക്കുവാൻ കൃപലാനിക്കു കഴിഞ്ഞില്ല. അദ്ദേഹം ഒരു പണിമുടക്കു സംഘടിപ്പിച്ചു പാദതാഡനമേററാൽ പൊടിപോലും പൊങ്ങി മൂക്കിലും കണ്ണിലും കയറുമെങ്കിൽ ചവിട്ടിമെതിക്കപ്പെടുന്ന മാനസിക വികാരങ്ങൾക്ക് അടങ്ങിയിരിക്കുവാൻ കഴിയുന്നതല്ലെന്നു കൃപലാനിയുടെ ആഹ്വാനം കേട്ട ഒരു കൂട്ടം കോളജ് വിദ്യാർത്ഥികൾ കാണിച്ചു. അന്നത്തെ നേതൃത്വത്തിൽ രാഷ്ട്രജനതയുടെ നേതൃത്വത്തിനുള്ള പരിശീലനം അടങ്ങിയിരുന്നു എന്ന് അന്നാരും ഓർത്തിരിക്കയില്ല. കൃപലാനിയുടെ വിദ്യാർത്ഥിജീവിതം പ്രക്ഷുബ്ധമായിരുന്നു എന്നു പറഞ്ഞു കഴിഞ്ഞല്ലോ. ഒരിക്കലും വിദ്യാർത്ഥിജീവിതവും ആയി ഒത്തിണങ്ങുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല എന്നുള്ളതിന് ഒരു ഉദാഹരണം പറയാം. ഇൻറർമീഡിയററു പരീക്ഷ ജയിച്ചില്ലെന്നറിഞ്ഞപ്പോൾ തൻെറ തടിച്ച ഗണിതശാസ്ത്രം എടുത്തു് ഒരു കുസൃതിച്ചിരിയോടുകൂടി പുറത്തേക്കെറിഞ്ഞുകൊണ്ടു പറഞ്ഞ വാക്കുകൾ ഇവിടെ പകർത്തുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. 1912-ൽ എം. ഏ ബിരുദം നേടിയതിനോടുകൂടി കൃപലാനിയുടെ വിദ്യാർത്ഥിജീവിതം അവസാനിച്ചു.

## ഉദ്യോഗജീവിതം

വിദ്യാർത്ഥിജീവിതം അവസാനിച്ചപ്പോൾ സ്വീകരിക്കേണ്ട ജീവിതത്തുറയെപ്പററി ആചാര്യകൃപലാനി ആലോചിച്ചു. തൻെറ വാസനകൾക്കും പരിശീലനത്തിനും പററിയതു് അദ്ധ്യാപകജീവിതം ആയിരിക്കുമെന്നു വലരെയൊന്നും ആലോചിക്കാതെ ആചാര്യകൃപലാനി നിശ്ചയിച്ചു. സുക്കൂറിലെ ഒരു സ്കൂളിൽ അദ്ദേഹം അദ്ധ്യാപക

നായി ജോലി സ്വീകരിച്ചു. എന്നാൽ ഈ ഉദ്യോഗത്തിൽ വളരെക്കാലം ഇരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. തന്റെ വ്യക്തിത്വം വളർന്നു വികസിച്ചു പൂവിടുവാൻ തക്ക പരിതസ്ഥിതികൾ സിൻഡിൽ-ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ താരതമ്യേന പിന്നോക്കം നിൽക്കുന്നതും ദേശീയവിരുദ്ധമായ മുസ്ലീംഭൂരിപക്ഷത്തോടുകൂടിയതും ആയ സിൻഡിൽ-ഇല്ലെന്നു കുശാഗ്രബുദ്ധിയായ കൃപലാനി കണ്ടറിഞ്ഞു. സിൻഡിൽ തുടർന്നു ജീവിതം നയിച്ചാൽ താൻ ആഗ്രഹിക്കുന്നതുപോലെ ഇൻഡ്യൻ രാഷ്ട്രീയനഭോമണ്ഡലത്തിൽ ഉദിച്ചുയർന്നു മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രമാകാൻ ഒരിക്കലും കഴിയുകയില്ലെന്നു അദ്ദേഹം മുൻകൂട്ടി കണ്ടു. ദേശീയഭാരതത്തിനു എത്ര വളരെ വിരളമായ ഒരു സംഭാവനയാണു സിൻഡ് നൽകീട്ടുള്ളതെന്നു അനുസ്മരിച്ചാൽ ആചാര്യകൃപലാനിയുടെ അന്നത്തെ ആ ആശങ്ക എത്ര അടിസ്ഥാനപൂർവമായിരുന്നു എന്നു വെളിപ്പെടുന്നതാണ്. തനി സ്വർണ്ണത്തുണ്ട് എന്നു ഒരിക്കൽ മനുഷ്യസ്വഭാവനിർണ്ണയവിദഗ്ദ്ധനായ മഹാത്മാഗാന്ധി തന്നെ വിളിച്ചിട്ടുള്ള ജയറാംദാസ് ദൌലത്റാം, രാജ്യഭക്തികൊണ്ടു ജയിൽജീവിതം വരിക്കുന്നതിനും സാഹസികബുദ്ധികൊണ്ടു ജയിൽഭിത്തികൾ ചാടുന്നതിനും ഒരുപോലെ പേരു നേടിയിട്ടുള്ള സ്വാമി ഗോവിന്ദാനന്ദൻ എന്നിവർ മാത്രമാണല്ലോ. ആചാര്യകൃപലാനി കഴിഞ്ഞാൽ അഖിലേന്ത്യാ പ്രസിദ്ധി നേടീട്ടുള്ള സിൻഡ്പുത്രന്മാർ. രാഷ്ട്രത്തെയും രാഷ്ട്രജനതയേയും സേവിക്കുന്നതിനുള്ള കൂടുതൽ സാദ്ധ്യതകൾ അന്വേഷിച്ചു ആചാര്യകൃപലാനി ബീഹാറിലെ മുസാഫർപോർ കോളജിൽ ഒരു പ്രഫസ്സർ ആയി ജോലി സ്വീകരിച്ചു.

# വായനയിലുള്ള അഭിരുചി

മുസാഫർപോർ കോളജിൽ പ്രഫസ്സർ ആയിരിക്കുമ്പോഴ് ആചാര്യ്യകൃപലാനിയുടെ വായനയിലുള്ള അഭിരുചി വളരെ വർദ്ധിച്ചു. വായനയിലുള്ള അഭിരുചി വർദ്ധിച്ചതിനേക്കാൾ കൂടുതൽ കാവ്യാസ്വാദനവും വർദ്ധിച്ചു. ഇൻഡ്യയിലെ ഭരണാധികാരികളായ ഇംഗ്ലീഷുകാരെ അദ്ദേഹം എത്ര വെറുത്തോ അത്രയും അദ്ദേഹം ഇംഗ്ലീഷ് കവികളെ സ്നേഹിച്ചിരുന്നു. താൻ വിദ്യാർത്ഥി ആയിരുന്നപ്പോൾ അവരുടെ ചിത്രങ്ങൾകൊണ്ടു അദ്ദേഹം തൻെറ മുറിയുടെ ഭിത്തികളെ അലങ്കരിച്ചതുപോലെതന്നെ താൻ പ്രഫസ്സർ ആയിട്ടും അദ്ദേഹം അങ്ങനെ ചെയ്തുവന്നു. ഇംഗ്ലീഷ് കവിതകൾ വായിക്കുമ്പോൾ അദ്ദേഹത്തിൻെറ ഹൃദയം വികാരംകൊണ്ടു വിജ്റുംഭിക്കുകയും കണ്ണുകൾനിറയുകയും ചെയ്യുക പതിവായിരുന്നു. ഒരുത്തൻെറ സ്നേഹിതന്മാരിൽനിന്നു അയാളുടെ സ്വഭാവം ശരിയായി നിർണ്ണയിക്കാമെങ്കിൽ അയാൾ വായിക്കുന്ന പുസ്തകങ്ങളിൽനിന്നു അയാളുടെ സ്വഭാവവും ബുദ്ധിയും വാസനകളും നിർണ്ണയിക്കാമെന്നുള്ളതിനു സംശയമില്ല. ആചാര്യകൃപലാനി വായിച്ചിരുന്ന പുസ്തകങ്ങൾ പരിഗണിക്കുമ്പോൾ അദ്ദേഹത്തിൻെറ സ്വഭാവം സംസ്ക്കാരസമ്പന്നവും ബുദ്ധി ഉത്തുംഗവും, വാസനകൾ വിശിഷ്ടവും ആണെന്നു വെളിപ്പെടുന്നു. മുസഫർപോരിൽ പ്രഫസർ ആയിരിക്കുമ്പോൾ ജോലികഴിഞ്ഞാൽ അദ്ദേഹം ശിഷ്യന്മാരിൽ നിന്നും മിത്രങ്ങളിൽ നിന്നും തെററി മാറി കാട്ടിൽ പോയി സിൻഡിലെ ഏററവും വലിയ സൂഫി കവിയായിരുന്ന ഷാ അബ്ദുലത്തീഫിൻെറ പദ്യതല്ലജങ്ങൾ പാടി ആനന്ദത്തിലാറാടാറുണ്ടായിരുന്നു. അബ്ദുലത്തീഫിൻെറ വാക്കുകളുടെ ഭംഗി കൃപലാനി ഉദീരണം ചെയ്യുമ്പോൾ തികച്ചും നഷ്ടപ്പെടാറുണ്ടായിരുന്നു. ചിലർ തങ്ങളുടെ രസത്തിനും മററുള്ളവരുടെ നീരസത്തിനും വേണ്ടി പാടുന്നു എന്നുള്ള പ്രസ്താവന കൃപലാനിയുടെ പദ്യോച്ചാരണം തി

കവും അനാപർത്ഥവുമാക്കിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പദ്യോച്ചാരണത്തിൽ തിരതല്ലിയ ആ വികാരാവേശം ആ കാനനത്തിലാകവേ ഒരു ജീവ ചൈതന്യം തന്നെ കോരിയൊഴുക്കി. വൃക്ഷങ്ങളെപ്പോലെ അല്ലല്ലോ വിദ്യാർത്ഥികൾ. പ്രൊഫസർ കൃപലാനിയുടെ പദ്യോച്ചാരണത്തിന്റെ പരുഷമായ സ്വരം കേട്ട് അവർ പലപ്പോഴും പൊട്ടിച്ചിരിച്ചു പോകാറുണ്ടായിരുന്നു. എന്നാൽ അങ്ങനെ പൊട്ടിച്ചിരിക്കുന്ന വിദ്യാർത്ഥികൾ പോലും അദ്ദേഹത്തിന്റെ വാക്കുകളിൽ മുററിയ വികാരാവേശം കൊണ്ടു ആകൃഷ്ടരായി തീർന്നിരുന്നു. മഹത്വവും കവിതയും തമ്മിൽ ഒരു വലിയ ബന്ധമുണ്ടെന്നു പ്രസിദ്ധമാണ്. കവി എന്ന നിലയിൽ അല്ലെങ്കിൽ സഹൃദയൻ എന്ന നിലയിൽ കവിതയുമായി ബന്ധമില്ലാത്തവർ സംഗീതമില്ലാത്തവരെപ്പോലെ ഭയങ്കരന്മാരാണ്. ആചാര്യ കൃപലാനി ഇന്നുവരെ ഒരു ഈരടിപോലും എഴുതിയിട്ടില്ല. എന്നാൽ കവിതാസാമ്രാജ്യത്തിന്റെ വിസ്തൃതമായ പ്രദേശങ്ങളിൽ പര്യടനം നടത്തി കവിതാസൗഖ്യം പരമാനന്ദമെന്നു തല കുലുക്കി സമ്മതിച്ചിട്ടുള്ള സഹൃദയന്മാർ കൃപലാനിയെ പോലെ വളരെപ്പേരെ കാണുന്നതല്ല. കാവ്യസാമ്രാജ്യത്തിൽ കൃപലാനിക്കുള്ള ഗാഢവും ദീർഘവും ആയ പരിചയത്തിനു അദ്ദേഹത്തിന്റെ ലേഖനങ്ങളും പ്രസംഗങ്ങളും തെളിവുകളാണ്.

## വൈകുന്നേരത്തെ നടത്തം

നടത്തം ഒരു നല്ല വ്യായാമവും വിനോദവും ആണ്. പ്രത്യേകഗണത്തിൽ പെട്ട മഹാന്മാർ രാവിലെയോ വൈകുന്നേരമോ പതിവായി നടക്കുന്നതിൽ ഉൽസാഹം പ്രകടിപ്പിക്കുന്നവരാണല്ലോ. മഹാത്മാഗാന്ധിയുടെ പ്രഭാത പ്രദോഷനടത്തകൾ പ്രസിദ്ധമാണ്. കേരളത്തിൽ തന്നെ സമാധി അടഞ്ഞ ശ്രീനാരായണഗുരുസ്വാമികൾ രാവിലെയും വൈകുന്നേരവും പതിവായി നടക്കുവാൻ ശ്ര

ധിച്ചു എന്നു പ്രസിദ്ധമാണ്. ആചാര്യകൃപലാനി തന്റെ വൈകുന്നേരത്തെ നടത്തം വ്യായാമത്തെയും വിനോദത്തെയും കവിഞ്ഞു കലയായി പകർത്തി: പട്ടുകാൽശ്രായികളും നീളംകുറഞ്ഞ കോട്ടും ധരിച്ചു നീണ്ടുമെലിഞ്ഞ കൈയിൽ ഒരു വലിയ ദണ്ഡുമായി വൈകുന്നേരം നടക്കാൻ ഇറങ്ങുന്ന ആചാര്യകൃപലാനി ഒരു കാഴ്ചയായിരുന്നു. വൈകുന്നേരത്തെ നടത്തം ഒരു കലയായി പകർത്തുന്നതിനു ആചാര്യകൃപലാനിയുടെ ഈ വേഷധാരണം ഉപകരിച്ചെങ്കിൽ ആ സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ബുദ്ധിയിൽ കൂടി കടന്നുപോയ ചിന്തകളും വായിൽ നിന്നു ഉതിർന്നു വീണ സൂക്തികളും കൂടുതൽ ഉപകരിച്ചു.

## ഗാന്ധിജിയെ കാണുന്നു

മുസാഫർപോർ കോളേജിൽ പ്രഫസർ ആയി ജോലി നോക്കുമ്പോൾ യാദൃച്ഛികമെന്നു ഉപരിവിപ്ളവബുദ്ധികൾക്കു തോന്നാവുന്നതും എന്നാൽ നിയതിയുടെ ക്രമവൽക്കരത്തിൽ പെട്ടതെന്നു തത്വചിന്തകന്മാർ സമ്മതിക്കേണ്ടതുമായ ഒരു സംഭവം ഉണ്ടായി. മല നിബിയുടെ അടുക്കലേക്കു ചെന്നില്ലെങ്കിൽ നിബി മലയുടെ അടുത്തു ചെന്നു. മഹാത്മാ ഗാന്ധി ആചാര്യ കൃപലാനിയുടെ അടുത്തുചെന്നു. ചമ്പാരനിലെ നീലഅമരിത്തോട്ടങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിച്ചു ഗാന്ധിജി അദ്ദേഹത്തിന്റെ ഇപ്പോൾ ലോകപ്രസിദ്ധമായ സത്യഗ്രഹപരീക്ഷണം നടത്താൻ തുടങ്ങി. ഗാന്ധിജിയെ കണ്ടതുപാതി, കാണാത്തതുപാതി ആചാര്യകൃപലാനി ആ ഗുരുനാഥന്റെ അന്തേവാസിയായിത്തീർന്നു. പിന്നീട് ഒരിക്കലും ഗാന്ധിജിയുടെ കാന്തശക്തിയിൽനിന്നൊഴിയുവാൻ കൃപലാനിഇരുമ്പിനു കഴിഞ്ഞിട്ടില്ല. അങ്ങനെ അന്നാരംഭിച്ചു സ്ഥിരമായി വളർന്നു പോഷിച്ചു് ഇന്നു ഉത്തുംഗമായി ശോഭിച്ചു വിശിഷ്ടഫലങ്ങൾ വഹിക്കുന്ന ഗാന്ധി-കൃപലാനി ബന്ധം-അതു ഗുരുവും ശിഷ്യനും തമ്മിലുള്ള ബ

ന്ധമായാലും ശരി, നേതാവും അനുയായിയും തമ്മിലുള്ളതായാലും ശരി, സഹപ്രവൎത്തകന്മാർ തമ്മിലുള്ളതായാലും ശരിഇൻഡ്യാചരിത്രത്തിലെഅപൂർവവിശിഷ്ടസംഭവങ്ങളിൽ ഒന്നാണ്. തന്റെ പ്രഫസർഉദ്യോഗം രാജിവച്ചുകൊണ്ടു ആചാര്യകൃപലാനി ഗാന്ധിജിയുടെ ആഹ്വാനം സ്വീകരിച്ചു. ഇതിനെപ്പററി 1928 ജനുവരി 16-ാംനു-യിലെ "യംഗ് ഇൻഡ്യ"യിൽ ഗാന്ധിജി ഇപ്രകാരമെഴുതി:- ആദ്യം ഒരു അദ്ധ്യാപകനും അനന്തരം ഒരു പ്രഫസ്സരും ആയിരുന്ന ആചാര്യകൃപലാനി 1917-ൽ അവസരം ലഭിച്ചപ്പോൾ യുദ്ധത്തിൽ പങ്കുകൊണ്ടു. കലപ്പയിൽ കൈവച്ചുകൊണ്ടു പിറകോട്ടു നോക്കുന്നവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല എന്നു ബൈബിളിൽ പറയുന്നുണ്ടു്. രാഷ്ട്രീയസമരത്തിൽ പങ്കുകൊണ്ട കൃപലാനി സ്വൈരജീവിതത്തിന്റെ പ്രലോഭനങ്ങളെ പിന്നീടൊരിക്കലും പ്രതീക്ഷിച്ചില്ല. ബനാറീസ് ഹിന്ദുസർവകലാശാലയിൽ അദ്ദേഹം കുറച്ചുകാലം രാഷ്ട്രീയശാസ്ത്രപ്രഫസ്സർ ആയി ജോലിനോക്കി. അങ്ങനെ അവിടെ ജോലിനോക്കുമ്പോൾ ആണു നിസ്സഹകരണസമരം സത്യഗ്രഹത്തിന്റെ പിതാവായ മഹാത്മാഗാന്ധി ഉൽഘാടനം ചെയ്തതു്. ഒരുസംഘംവിദ്യാർത്ഥികളോടുകൂടി ആചാര്യകൃപലാനി ബനാറീസ് സർവകലാശാലയുടെ മണിമന്ദിരങ്ങളോടും ശാന്തമയമായ പരിസരങ്ങളോടും യാത്ര പറഞ്ഞു പിരിഞ്ഞു ദേശീയസമരത്തിൽ ഊർജ്ജിതമായി പങ്കെടുത്തു.

കാശി വിദ്യാപീഠം സ്ഥാപിക്കുവാനും ആചാര്യകൃപലാനി സഹായിച്ചു. എന്നാൽ ബനാറീസിലെ ഗാന്ധി ആശ്രമം സ്ഥാപിക്കുന്നതിലാണു് അദ്ദേഹം ഊർജ്ജിതമായി പങ്കെടുത്തതു്. ഈ വിഷയത്തിൽ അദ്ദേഹത്തിനു ഏതാനും വിദ്യാർത്ഥികളുടെ സഹായസഹകരണങ്ങളും ലഭിച്ചു.

## കാരാഗൃഹജീവിതം

അങ്ങനെ ദിവസങ്ങൾ തള്ളിവിടുമ്പോൾ ആയിരുന്നു

1921-ലെ വിപ്ളവപരമായ നിസ്സഹകരണപ്രസ്ഥാനത്തിൻെറ ഉൽഘാടനം. ഇൻഡ്യയിൽ ഹിമവൽസേതുപര്യന്തം അലകൾ ഇളക്കിവിട്ട അന്നത്തെ പ്രക്ഷോഭണം ഐക്യസംസ്ഥാനത്തെയും ഇളക്കിമറിച്ചു എന്നു പ്രത്യേകം പറയണമെന്നില്ലല്ലോ. മഹാത്മാഗാന്ധിയുടെ മന്ത്രം കേട്ടു ജയിലിലേക്കു കുതിച്ചു കയറിയ ഇൻഡ്യൻ സ്വാതന്ത്ര്യസമരവീരഭടന്മാരിൽ ഒരു നായകനായി ആചാര്യകൃപലാനിയും ഉൾപ്പെടുന്നു. കാരാഗൃഹത്തിൽ നിന്നു മോചിക്കപ്പെട്ടതിനു ശേഷം തൻെറ ആശ്രമം പുനഃസംഘടിപ്പിക്കുവാൻ ആണ് അദ്ദേഹം പൂർവാധികം ഊർജ്ജിതമായി പരിശ്രമിച്ചതു്: എന്നാൽ അദ്ദേഹത്തിൻെറ സേവനം ഗുജറാത്തി വിദ്യാപീഠത്തിനു കൂടുതൽ ആവശ്യമായി തീർന്നു. അതുകൊണ്ടു ബനാറീസിലെ തൻെറ പ്രവർത്തനപരിപാടികൾ അപ്പോഴേക്കും തൻെറ സഹപ്രവർത്തകന്മാരായി പരിണമിച്ചു കഴിഞ്ഞിരുന്ന പൂർവശിഷ്യന്മാർക്കു വിട്ടുകൊടുത്തു കൊണ്ടു ആചാര്യകൃപലാനി ഗുജറാത്തിലേക്കു തിരിച്ചു. ഗുജറാത്തി മഹാവിദ്യാലയത്തിൽ അഞ്ചര കൊല്ലം ജോലി നോക്കിയതിനു ശേഷം അദ്ദേഹം വീണ്ടും ബനാറീസിലേക്കു മടങ്ങിയതിനെപ്പററി മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ടു് ബനാറീസിൻെറ ലാഭം ഗുജറാത്തിൻെറ നഷ്ടമാണെന്നു്. ഇൻഡ്യയുടെ ജാതകം തിരുത്തുന്നതിനെപ്പററി ചിന്തിക്കുന്ന മഹാത്മാഗാന്ധി പോലും ഗുജറാത്തിൻെറ നഷ്ടമായും ബനാറീസിൻെറ ലാഭമായും എണ്ണിയെങ്കിൽ എത്ര വിലയേറിയ വലിയ അദ്ധ്യാപകസേവനമാണു് ആചാര്യകൃപലാനി ഗുജറാത്തിലും ബനാറീസിലും അനുഷ്ഠിച്ചതെന്നു സ്വയം തെളിയുന്നുണ്ടല്ലോ. പോരെങ്കിൽ അദ്ദേഹത്തിൻെറ സഹപ്രവർത്തകനായിരുന്ന ഒരു അദ്ധ്യാപകൻ ഒരു ഗുരുനാഥൻ എന്ന നിലയിൽ ആചാര്യകൃപലാനിയുടെ വിശിഷ്ട ഗുണങ്ങൾ പ്രകീർത്തിച്ചിട്ടുമുണ്ടു്. ആ അദ്ധ്യാപകനാകട്ടെ വാദപ്രതിവാദങ്ങളിൽ പലപ്പോഴും ആചാര്യകൃപലാനിയുമായി ഏററുമുട്ടി പരാജ

യം വരിക്കാൻ നിർബന്ധിക്കപ്പെട്ടിട്ടുള്ള ഒരാളാണെന്നു പറയുമ്പോൾ ആരും ആവശ്യപ്പെടാതെ നൽകുന്ന ഈ പ്രശംസാ പത്രത്തിന്റെ മാററു വർദ്ധിക്കുകയും ചെയ്യുന്നു.

## ജനറൽ സെക്രട്ടറി

എന്നാൽ കോൺഗ്രസിൽ ആചാര്യകൃപലാനിക്കു പ്രത്യേകമായ ഒരു ഉയർന്ന പദവി നേടിക്കൊടുത്തതു മഹാത്മാഗാന്ധിയുടെ പ്രശംസാ വാക്കുകളോ ആ പ്രശംസാവാക്കുകൾക്കു പാത്രമായ സേവനങ്ങളോ ആയിരുന്നില്ല. ദീർഘകാലം കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറി ആയിരുന്നു നിർവ്വഹിച്ച സേവനം തന്നെയാണു കോൺഗ്രസ്സ് നായകന്മാരുടെ മദ്ധ്യത്തിലേക്കും ഒടുവിൽ കോൺഗ്രസ്സ് അദ്ധ്യക്ഷപദത്തിലേക്കും അദ്ദേഹത്തെ നയിച്ചതു്. കോൺഗ്രസ്സ് ജനറൽ സെക്രട്ടറി എന്ന നിലയിൽ ആചാര്യകൃപലാനി ഏറെറടുത്തു വിജയകരമായി നിർവഹിച്ച ജോലികൾ അദ്ദേഹം ആളായതു എങ്ങനെയുള്ള പരിതസ്ഥിതികളിലും മന്ദഹാസം തൂകാനുള്ള അദ്ദേഹത്തിന്റെ പ്രാപ്തി ആണെന്നു പറയപ്പെടുന്നു. അദ്ദേഹം ഒരിക്കൽ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി:-"ആഹ്ളാദവും ഉല്ലാസവും യൌവനത്തിന്റെ അവകാശങ്ങളാണു്. ജീവിതം നമ്മുടെമേൽ വച്ചുകെട്ടുന്ന ഭാരം എത്ര വലിയതായിരുന്നാലും അതു ലഘുവായിരിക്കും. മററുള്ളവരുടെ വിഡ്ഢിത്തങ്ങളെ മന്ദസ്മിതത്തോടുകൂടി അഭിമുഖീകരിക്കുക. സ്വന്ത വിഡ്ഢിത്തങ്ങളെപ്പററി ചിരിക്കുവാനും അഭ്യസിക്കുക. നിങ്ങളുടെ വിധി എന്തുമാകട്ടെ-കരിശിലായാലും ശരി- പീഡനയന്ത്രത്തിലായാലും ശരി, ജീവിതം ജീവിതയോഗ്യമാണെന്നു ഉറപ്പു നൽകുന്നു."1934-ൽ ആണു ആചാര്യ കൃപലാനി കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായി ആദ്യം തെരഞ്ഞെടുക്കപ്പെട്ടതു്. അന്നുമുതൽ 1946 നവംബർ 21—ാംനു രാഷ്ട്രപതിയായി ചാർജെടുത്തുവരെ അദ്ദേഹം ആ ഉദ്യോഗം എത്ര പ്രശസ്തമായി വഹിച്ചു എന്നു പ്രകടമാണല്ലോ. അദ്ദേഹം 4 പ്രസിദ്ധ

ന്മാരുടെ കീഴിൽ ഉദ്യോഗം വഹിച്ചു. അതുതന്നെ ഒരു അത്ഭുതമാണെന്നു പറയപ്പെടുന്നു.

# വിവാഹ ജീവിതം

ആരുടെയും ജീവചരിത്രം-അതെത്ര ഹ്രസ്വമായിരുന്നുകൊള്ളട്ടെ-അദ്ദേഹത്തിന്റെ വിവാഹജീവിതം കൂടാതെ പൂർത്തിയാകയില്ല. പൗരസ്ത്യമായ മാനദണ്ഡമനുസരിച്ചാണെങ്കിൽ "പാതിയും പുരുഷനു ഭാര്യ"യാണ്. പാശ്ചാത്യമാനദണ്ഡം അനുസരിച്ചാണെങ്കിലൊ അതു അൽഭാഗം കൂടുതൽ മെച്ചമായതുമാണ്. ആചാര്യകൃപലാനിയുടെ ധർമ്മദാരങ്ങൾ ശ്രീമതി സുചേതാദേവി-അക്ഷരാർത്ഥത്തിൽ പോലും അദ്ദേഹത്തിന്റെ ഉത്തമാർദ്ധമാണ്.

ശ്രീ സുചേതാദേവിയുടെ സ്വദേശം ബങ്കാളാണ്. ബെനാറീസ്സ് ഹിന്ദുസർവകലാശാലയിൽനിന്നു എം. എ. പാസായശേഷം ഏകദേശം 3 വർഷങ്ങളോളം അവിടെ പൊളിററിക്ക്സ് പ്രഫസ്സറായി ജോലി നോക്കിയിട്ടുണ്ട്. ആചാര്യകൃപലാനിയുമായുള്ള വിവാഹമാണു രാഷ്ട്രീയരംഗത്തിലേക്കു അവർക്കു വഴികാട്ടിയത്. അന്നു സർവേന്ത്യാ കോൺഗ്രസ്സ് കമ്മററിയുടെ ജനറൽസെക്രട്ടറിയായിരുന്ന കൃപലാനിയെ അദ്ദേഹത്തിന്റെ സെക്രട്ടറിയേററു സംബന്ധമായ ജോലികളിൽ അവർ സഹായിച്ചു. സർവേന്ത്യാ കോൺഗ്രസ്സ് കമ്മററി ആപ്പീസിൽ ഒരു മഹിളാവകുപ്പ് ഏർപ്പെടുത്തിയപ്പോൾ പ്രസ്തുത വകുപ്പിന്റെ ചുമതല സുചേതയെയാണു ഏൽപ്പിച്ചിരുന്നത്. സംഘടനാപരമായ തന്റെ സാമർത്ഥ്യവും കാര്യശേഷിയും പ്രദർശിപ്പിക്കാൻ ഈ ജോലി അവർക്കൊരവസരം നൽകി.

1942-ലെ ദേശീയപ്രസ്ഥാനം സുചേതയുടെ ജീവിതത്തിൽ ഒരു വഴിതിരിവിനെ കുറിക്കുന്നു. തന്റെ ആദർശങ്ങളുടെ മാററുരച്ചുനോക്കുന്നതിനും ഒരാത്മപരിശോധന നടത്തുന്നതിനും ഈ സമരം അവർക്കൊരവസരം നൽകി.

ഗാന്ധിജിയെയും മററു നേതാക്കന്മാരെയും ബന്ധനസ്ഥരാക്കുന്ന അവസരത്തിൽ സുചേത ബോംബെയിലാണുണ്ടായിരുന്നതു്. പോലീസിന്റെ കണ്ണിൽനിന്നു രക്ഷപ്പെട്ടു ഏകദേശം രണ്ടുവർഷക്കാലത്തോളം അവർ രഹസ്യജീവിതം നയിച്ചു. ഈ കാലത്തു ഇന്ത്യയിൽ നാനാഭാഗങ്ങളിലും സഞ്ചരിച്ചു പ്രസ്ഥാനത്തെ ഊർജ്ജിതപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും അവർ പ്രവർത്തിച്ചു.

ഒടുവിൽ ബീഹാറിൽവച്ചു അവരെ അറസ്റ്റ്ചെയ്തു ശിക്ഷിച്ചു. ജയിൽമോചനം കഴിഞ്ഞു പുറത്തുവന്ന സുചേതികച്ചും പുതിയ ഒരാളായിരുന്നു. തന്റെ അനുഭവങ്ങൾ അവരിൽ വലിയ ഒരു പരിവർത്തനം ഉളവാക്കി. അർത്ഥത്തിലും അക്ഷരത്തിലും അവർ ഗാന്ധിജിയെയും ഗാന്ധിജിയുടെ കർമ്മപദ്ധതിയെയും വിശ്വസിച്ചു.

സുചേതാദേവി ഇപ്പോൾ സർവ്വേന്ത്യാ കസ്തൂർബാട്രസ്റ്റിന്റെ ഓർഗനൈസറാണു്. കൃപലാനി കോൺഗ്രസ്സദ്ധ്യക്ഷപദം കയ്യേററതോടുകൂടി സുചേതയുടെ ഭാരങ്ങളും ബാദ്ധ്യതകളും വർദ്ധിച്ചു എന്നു പറയേണ്ടതില്ലല്ലോ.

ശ്രീ സുചേതാദേവിയുടെ സ്വദേശം ബംഗാളാണെന്നു പറഞ്ഞുവല്ലോ. ബംഗാളിൽ നവഖലിയിലെയും തിപ്പരയിലെയും അക്രമങ്ങൾ കേട്ടപ്പോൾ അവർ ഓടിയെത്തിയതിന്റെ കാരണം പ്രകടമാണു്. കിഴക്കൻബംഗാളിലെ കലാപം തുടങ്ങി അധികം കഴിയുന്നതിനു മുമ്പു ആചാര്യകൃപലാനിയോടൊപ്പംതന്നെ സുചേത ബംഗാളിലെത്തി. അപൽമേഖല സന്ദർശിക്കുന്നതിനോ അവിടത്തെ ഓരോ മുക്കിലും മൂലയിലും പോയി തന്റെ സഹായത്തിനായി കാത്തുനിൽക്കുന്ന സഹോദരികളെ ശുശ്രൂഷിക്കുന്നതിനോ അവർ യാതൊരു ക്ലേശവും പ്രദർശിപ്പിച്ചില്ല. വിധവകളായിത്തീർന്ന സ്ത്രീകളെ ആശ്വസിപ്പിക്കുക, അക്രമികളെ ഭയന്നു ജീവിക്കുന്നവരെ അഭയസ്ഥാനങ്ങളിലെത്തിക്കുക, വാളാൽ മതംമാററംചെയ്യപ്പെട്ട സഹോദരികളെ വീണ്ടെടുക്കുക, ഹിതത്തിന്നെതിരായി അന്യമതസ്ഥരുമായി വിവാഹബന്ധങ്ങളിൽ ഏർപ്പെ

ടാൻ നിർബന്ധിതരായ സ്ത്രീകളെ സ്വതന്ത്രരാക്കുക—ബങ്കാളിൽ സ്വയംസേവികൾ നിർവഹിക്കേണ്ടിയിരുന്ന കൃത്യങ്ങളാണിവ. മതംമാററി ഒളിപ്പിച്ചുവച്ചിരുന്ന സഹോദരികളെ രക്ഷിക്കുന്നതിനായി കൂട്ടക്കൊലയും തീവെപ്പും ച്ചറവും നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ അവർ നടത്തിയ ധീരകൃത്യങ്ങളെപ്പററിയുള്ള കഥകൾ രോമാഞ്ചത്തോടുകൂടിയല്ലാതെ നമുക്കു കേൾക്കുവാൻ സാധിക്കുകയില്ല.

## “കശാപ്പുകാരുടെ നാട്ടിൽ”

കിഴക്കെ ബംഗാളിലെ കൂട്ടക്കൊലയെയും കൊള്ളയെയും കൊള്ളിവയ്പിനെയുംതുടർന്ന് ആചാര്യകൃപലാനി അവിടെ പാഞ്ഞെത്തി എന്നു സന്ദർഭവശാൽ പറഞ്ഞുകഴിഞ്ഞതല്ലോ. നവഖാലിയിലെയും മററും നരയാഗങ്ങൾ ആചാര്യകൃപലാനിയുടെ മാനുഷികകാരുണ്യത്തെമുഴുവൻ ഇളക്കിഒഴുക്കിയസംഭവങ്ങളാണ്. അവിടത്തെപര്യടനത്തെപ്പററി ആചാര്യകൃപലാനിയോടുകൂടി യാത്രചെയ്ത ശ്രീ പുരുഷോത്തമദാസ് താണ്ഡൻ, നാഷനൽ ഹെറാൾഡ്പത്രത്തിൽ ഹൃദയസ്പൃക്കായ ഒരു വിവരണം എഴുതിയിട്ടുണ്ട്. ആ പര്യടനവൃത്താന്തങ്ങൾ ശ്രീ താണ്ഡന്റെ ഹൃദയസ്പൃക്കായ വാക്കുകളിൽതന്നെ പകത്തുകയായിരിക്കും സമുചിതമായിരിക്കുക എന്നു വിചാരിക്കുന്നു. ശ്രീ താണ്ഡൻ പറയുന്നു—“ഞങ്ങൾ ഒക്ടോബർ 18-ാംനു അലഹബാദിൽ നിന്നും കൽക്കട്ടായ്ക്കു പറന്നപ്പോൾ ഒരു നല്ല ശീതോഷ്ണസ്ഥിതിയില്ലായിരുന്നു, ഇരുളടഞ്ഞ മേഘങ്ങൾക്കും, അനിഷ്ടകരമായ കാലാവസ്ഥയ്ക്കും ഇടയിൽകൂടി വൈമാനികന്മാർ വിമാനത്തെ വിജയകരമായി മുന്നോട്ടുവിട്ടു. ഉച്ചതിരിഞ്ഞു ഞങ്ങൾ കൽക്കട്ടായിലെത്തി. മഴ ചാറിക്കൊണ്ടിരുന്നു. പുരുഷന്മാരും സ്ത്രീകളുംഉൾപ്പെട്ട ആഹ്ലാദകരമായ ഒരാൾക്കൂട്ടം അവരുടെ പുതിയ രാഷ്ട്രപതിയെ സ്വാഗതംചെയ്യാൻ, മനോഹരമായ പൂമാലകളും പുഷ്പങ്ങളും

വഹിച്ചുകൊണ്ടു അവിടെ കൂടിയിരുന്നു. എന്നാൽ ഈ സന്തോഷപ്രദമായ സ്വാഗതത്തിന്റെ പിന്നിൽ കദനത്തിന്റെ കണ്ണുനീർ ഉണ്ടായിരുന്നു. ബംഗാളിനെ ബാധിച്ച ഈ ഭീകരമായ ശോകനാടകം കാണുവാനാണു അവരുടെ രാഷ്ട്രപതി വന്നിരിക്കുന്നതെന്നു ജനങ്ങൾ മനസ്സിലാക്കിയിരുന്നു. ഇരുൾനിറഞ്ഞ രൂക്ഷമായ അന്തരീക്ഷമാണതു്. ഏതാനും മിനിട്ടുകൾക്കകം ഞങ്ങൾ പോകാനുള്ള സ്ഥലങ്ങളിലേക്കു കാറോടിച്ചുപോയി.

രാഷ്ട്രപതി ശരത് ബോസിന്റെ ഭവനത്തിൽ എത്തിയപ്പോൾ അനേകം ആളുകൾ അദ്ദേഹത്തിന്റെ ചുറ്റുംകൂടി. കേട്ടാൽ നടുങ്ങുന്ന കഥകൾകൊണ്ടു അവർ അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു. ക്ഷമയോടുകൂടി അതെല്ലാംകേട്ടശേഷം അദ്ദേഹം ഇപ്രകാരംപറഞ്ഞു.

## "കേൾക്കുവാനും കാണുവാനും"

"എല്ലാം കേൾക്കുവാനും കാണുവാനുമാണു ഞാൻ ഇവിടെ വന്നിരിക്കുന്നതു്. നിങ്ങൾ ആത്മവിശ്വാസമുള്ളവരായിരിക്കുക. ഇപ്പോൾ അവരെ സഹായിക്കാൻ നിങ്ങൾ സകലകഴിവുകളും വിനിയോഗിക്കുക" അവർ അതു കേട്ടശേഷം പിരിഞ്ഞുപോയി. അനന്തരം അദ്ദേഹവും പത്നിയും മറ്റുള്ളവരും കൂടി, അടുത്തദിവസത്തെ പരിപാടികളെപ്പററി ചർച്ചചെയ്തു

## ബീനാദാസ്

ഞങ്ങൾ ഡംഡം വിമാനത്താവളത്തിൽനിന്നു കാറോടിച്ചുപോകുമ്പോൾ ഏതാനും കൊല്ലങ്ങൾക്കു മുമ്പു് ബംഗാൾഗവർണ്ണറുടെ നേരെ വെടിവയ്ക്കുകയും ഈയിട മാത്രം തടവിൽനിന്നു വിടുകയും ചെയ്ത ആ സുപ്രസിദ്ധയായ വിപ്ളവകാരിണി ഒരു മെലിഞ്ഞ വീരമഹിള, ബീനാദാസ് ഞങ്ങളുടെ കാറിൽ ഉണ്ടായിരുന്നു. സംഭാഷണമദ്ധ്യേ അവർ ഇപ്രകാരം പറഞ്ഞു:—"സന്ദർഭോചിതമായ ഈ വര

വിന്റ് ബംഗാൾ കോൺഗ്രസ്സ് പ്രസിഡണ്ടിനോടു കൃതജ്ഞയാണ്. നേതാക്കന്മാർ ബംഗാളിലേയ്ക്കു വരട്ടെ. ഞങ്ങൾ ഈ പ്രവശ്യയിൽ അനാഥരാണെന്ന് ഞങ്ങൾക്കു തോന്നാതിരിക്കട്ടെ. ബംഗാൾ അവളുടെ നേതാക്കന്മാരെ വിളിക്കുകയാണ്."

ഞങ്ങൾ കല്ക്കട്ടായിൽ പോയി. അവിടെ സർവത്ര ശൂന്യതയും മങ്ങലും വ്യാപിച്ചിരുന്നു. മാരകമായ മുറിവിന്റെ പാടുകൾ ഇപ്പോഴും അവിടെ കാണാം. നിർബന്ധം പ്രയോഗിച്ചാലല്ലാതെ ആളുകൾ വീട്ടിനു പുറത്തിറങ്ങാറില്ല. റോഡിൽകൂടി നടക്കുമ്പോൾ അടുത്തെവിടെയോ മരണം കാത്തു നിൽക്കുന്നുണ്ടെന്ന് അവർക്കു തോന്നുന്നു. കല്ക്കട്ടായിലെ കൂട്ടക്കൊലയിൽ ആയിരമായിരം ശരീരങ്ങൾ നശിച്ചിട്ടുണ്ട്. എന്നാൽ അതു മനുഷ്യന്റെ ആത്മാവിനെത്തന്നെ മുറിവേൽപ്പിച്ചു എന്നുള്ളതാണ് കൂടുതൽ ദോഷമായിത്തീർന്നത്. ബംഗാളിലെ മറ്റെല്ലാ വ്യസനങ്ങളെക്കാളും ഇതു വലുതാണ്. എപ്പോഴും മരണത്തെ ഭയപ്പെട്ടുകൊണ്ടാണ് ജനങ്ങൾ ജീവിക്കുന്നത്. അവർക്കു സ്വസ്ഥമായി ശ്വസിക്കാൻപോലും കഴിവില്ല. സുരക്ഷിതത്വത്തെക്കുറിച്ച് അവർക്കു യാതൊരു വിശ്വാസവുമില്ല. എപ്പോഴും മരണം അവരെ തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു.

ഒക്ടോബർ 19-ാംനു-ഞങ്ങൾ വിമാനത്താവളത്തിൽ പോയി. ഗവർണ്ണരെ കാണുന്നതിനായി ഫെനിയിലേയ്ക്കു പറക്കാൻ ഉദ്ദേശിച്ചു. എന്നാൽ ഞങ്ങൾക്കെതിരായി ഒരു ഗൂഢാലോചനയുള്ളതുപോലെ തോന്നി. ഫെനിയിലെ വിമാനത്താവളം വെള്ളത്തിൽ മുങ്ങിപ്പോയെന്നും അതിനാൽ അവിടെ ഇറങ്ങാൻ ഒക്കുകയില്ലെന്നും ഞങ്ങളോടു പറഞ്ഞു. ഞങ്ങൾ ഞങ്ങളുടെ ഭാഗ്യം പരീക്ഷിക്കാൻതന്നെ നിശ്ചയിച്ചു. എന്നാൽഞങ്ങൾ മിക്കവാറും വിലക്കപ്പെട്ടു. തന്മൂലം കോമില്ലായിലേക്കു പറക്കുവാനേ ഞങ്ങൾക്കു കഴിഞ്ഞുള്ളു.

## "മരണത്തിന്റെ വായിൽ"

ഞങ്ങൾ യാത്രതിരിക്കുന്നതിനു മുമ്പ്, അപകടത്തെയും, കുഴപ്പത്തിനെയും പററി ധാരാളം സംസാരമുണ്ടായി. ലഹളസ്ഥലങ്ങളിലേക്കു പോകാതിരിക്കാൻ ആളുകൾ പരോക്ഷമായി രാഷ്ട്രപതിയെ പ്രേരിപ്പിച്ചു. എന്നാൽ അതുകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. ഞങ്ങൾ അപകടത്തെപ്പററി സംസാരിക്കുകയായിരുന്നു. യഥാർത്ഥത്തിൽ അപകടം വരികതന്നെ ചെയ്തു. വിമാനത്താവളം വിട്ടു മുമ്പ് കാലാവസ്ഥ പ്രതികൂലമായിരുന്നിട്ടും ഞങ്ങൾ പറക്കുകയാണെന്നു് വൈമാനികർ ഒരു പ്രമാണം ഒപ്പിട്ടു വാങ്ങി വിമാനത്തിന്റെ പെട്രോൾ ക്യാപ്പ് യാദൃഛികമായി തുറന്നുകിടന്നിരുന്നു. വിമാനം അന്തരീക്ഷത്തിൽ ഉയരുകയുംചെയ്തു. അൽപം കഴിഞ്ഞു പെട്രോൾ ചോർന്നൊഴുകുന്നതായി ഞങ്ങളിലൊരാൾ വിളിച്ചുപറഞ്ഞു. വൈമാനികരുടെ ശ്രദ്ധ ക്ഷണിക്കപ്പെട്ടു. അവർ വളരെ സൂക്ഷിച്ചു വിമാനം താവളത്തിലേക്കു താഴ്ത്തി. ചോർച്ച ആ സമയത്തു കാണാതിരുന്നെങ്കിൽ വിമാനത്തിനു തീപിടിക്കുകയും, ഞങ്ങൾ ജീവനോടെ പൊരിയപ്പെടുകയും ചെയ്യുമായിരുന്നു. ഒരുമണിക്കൂർ കഴിഞ്ഞു ഞങ്ങൾ വീണ്ടും കോമില്ലായിലേക്കു പറന്നു. ഞങ്ങൾ പറന്നുപോകുമ്പോൾ, അനേകം വീടുകൾ കത്തിയെരിച്ചുകൊണ്ടു് ചുവന്ന തീജ്വാലകൾ ആകാശത്തിലേക്കു കുതിച്ചുപൊങ്ങുന്നതായി കണ്ടു. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും പരപരാ ഓടുന്നുണ്ടായിരുന്നു. ഞങ്ങൾക്കു വല്ലാത്ത വേദന തോന്നി. ആ പുകനിറഞ്ഞ ഗ്രാമങ്ങളിൽ ഇറങ്ങുവാൻ ഞങ്ങൾ ആഗ്രഹിച്ചു. എന്നാൽ യാതൊരു പരിതസ്ഥിതിയിലും അവിടെ ഇറങ്ങുവാൻ നിവൃത്തിയില്ലെന്നു് വൈമാനികർ പറഞ്ഞു.

## കോമില്ലായിൽ

വൈകിട്ടു ഞങ്ങൾ കോമില്ലായിൽ എത്തി. വിമാ-

നത്താവളത്തിൽ അനേകമാളുകൾ തിങ്ങിക്കൂടി; കോൺഗ്രസ്സ് അവർക്കുവേണ്ടി എന്തുചെയ്യാൻ തീരുമാനിച്ചു എന്ന് അവർ ചോദിക്കുകയുണ്ടായി. നിസ്സഹായതയും നിരാശയും വേദനയും അവരുടെ മുഖങ്ങളിൽ വലിയ അക്ഷരങ്ങളിൽ എഴുതപ്പെട്ടിരുന്നു. അവർക്കു യാതൊന്നും വരുകയില്ലെന്നുള്ള ഉറപ്പ് അവർ ആവശ്യപ്പെട്ടു. അവരിലൊരാൾ പറയുകയാണ്:—"നാളെ രാവിലെ ജീവനോടുകൂടി ആരെല്ലാം ഉണരുമെന്ന് ഞങ്ങൾക്കു നിശ്ചയമില്ല. അങ്ങേയ്ക്കു ഞങ്ങളെ രക്ഷിക്കാൻ കഴിവില്ലേ? ദയവുചെയ്തു് അഭയാർത്ഥികളുടെ ക്യാമ്പിൽ വന്നു ജനങ്ങൾക്കു സംഭവിച്ചതെന്തെല്ലാമെന്നു നോക്കുക."

കോമില്ലാ വിമാനസങ്കേതത്തിൽ നിന്നും ഞങ്ങൾ നേരെ അഭയാർത്ഥികളുടെ താവളങ്ങളിലേക്കാണു പോയതു്. ഉദ്ദേശം മൂവായിരം സ്ത്രീപുരുഷന്മാരെയും കുട്ടികളെയും അവിടെ പാർപ്പിച്ചിരുന്നു. അവരിൽ പലരേയും നേരിട്ടുകാണുകയും അവരുടെ ഭയാനകമായ കഥകൾ കേൾക്കുകയും ചെയ്തു. നവഖാലിയിൽ ജീവരക്ഷാർത്ഥം ഒരുവൻ മരത്തിന്റെ മുകളിൽ കയറിയിരിക്കാൻ നിർബന്ധിതനാവുകയും തളർന്നും വിശന്നും അവിടെ കഴിച്ചുകൂട്ടേണ്ടിവരികയും, അവസാനം ഏതാണ്ടു മൃതപ്രായനായി നിലം പതിക്കാൻ കാരണമാവുകയും ചെയ്ത ഒരു കഥ എന്നോടൊരാൾ പറഞ്ഞു. നിലംപതിച്ചയുടനെ ഏതാനും കൊലയാളികൾ അയാളെ കൊല്ലുവാൻ രംഗത്തേയ്ക്കു പാഞ്ഞു. അവരുടെ കൈകളിൽ നിന്നും ഒഴിഞ്ഞുമാറാൻ അയാൾ ആദ്യം ശ്രമിച്ചു എന്നുള്ളതായിരുന്നു അയാൾ ചെയ്ത തെററ്. മൃഗീയമായി അവർ അയാളെ കൈകാര്യംചെയ്തു. പക്ഷെ അവർ സമീപിക്കും മുമ്പുതന്നെ അയാളുടെ ജീവൻ അകന്നുകഴിഞ്ഞിരുന്നു. അവരുടെ കോടാലിവെട്ടിന്റെ വേദനയിൽ നിന്നും അങ്ങിനെ അയാൾ വിമോചിതനായി.

ഏതു വിധേനയോ രക്ഷപെട്ട ഒരു ഗർഭിണിയുടെ ക

ഘയാണു് ആരെയും നടുക്കുന്ന മറെറാരു സംഭവം. അക്രമികൾ അറുത്തുതള്ളിയിരുന്ന അവരുടെ സീമന്തപുത്രൻെറ ഒരു കയ്യുമായി ആ സ്ത്രീ ഭവനത്തിൽ നിന്നും ഓടുകയായിരുന്നു. ഏതാനും വാര ദൂരം ഓടിയപ്പോഴേക്കും ഓമനമകൻെറ ദാരുണമായ കൊലയെക്കുറിച്ചുള്ള ഓർമ്മയും, വിഭക്തമായിരുന്ന ആ കൈത്തണ്ടിൻെറ കാഴ്ചയും അവരെ അത്രകണ്ടു നടുക്കുക നിമിത്തം പെട്ടെന്നു നിലംപതിച്ചു ചരമമടയുകയാണുണ്ടായതു്.

രാഷ്ട്രപതി കൃപലാനിയും പത്നിയും ശരത്ബാബുവും അഭയാർത്ഥികളെ സമീപിച്ചു. ഭയവിഹ്വലരായ ജനങ്ങൾക്കു സുചേതാദേവി കാരുണ്യത്തിൻെറ ദേവതതിതന്നെയായിരുന്നു. വംഗദേശത്തിൻെറ മകളായ അവർക്കു് ആ സാധുജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാനും അവരുടെ ഭാഷയിൽ സമാശ്വസിപ്പിക്കാനും കഴിഞ്ഞു. സുപ്രധാനമായ ഒരു പരീക്ഷണഘട്ടത്തിൽ ആരും ആത്മവിശ്വാസവും ധൈര്യവും കൈവെടിയരുതെന്നു അവർ ഉപദേശിച്ചു.

ഞങ്ങൾ കോമില്ലായിൽ ഒരു രാത്രി കഴിച്ചുകൂട്ടുകയും പലരെപ്പേരെ കാണുകയും ചെയ്തു: ശതക്കണക്കിനു ജനങ്ങൾ ജീവരക്ഷാർത്ഥം വനാന്തരങ്ങളിലേക്കു പാഞ്ഞിരുന്നു. ആ കൂട്ടക്കൊലക്കാലത്തു് ഏററവും സംഭ്രമിപ്പിച്ചതു് മിടുക്കമേറിയ പുതിയ ആയുധങ്ങളുടെ പ്രയോഗമായിരുന്നുവെന്നു ഒരഭയാർത്ഥി ഞങ്ങളോടു പറഞ്ഞു. കിഴക്കേ ബംഗാളിൽനിന്നും ന്യൂനപക്ഷ സമുദായത്തെ നാമാവശേഷമാക്കുവാൻ അസാധാരണമായ ആയുധങ്ങളാണു പ്രയോഗിച്ചിരുന്നതു്. അയാൾ പറഞ്ഞു:—"ജനങ്ങൾ സഹായത്തിനുവേണ്ടി മുറവിളികൂട്ടി. പക്ഷെ അതു വനരോദനമായിട്ടാണു കലാശിച്ചതു്. തക്കസമയത്തു തന്നെ അധികൃതരോടു സഹായാഭ്യർത്ഥന ചെയ്തു. എന്നാൽ അവർ തിരിഞ്ഞുനോക്കിയില്ല. സഹായത്തിനുവേണ്ടി ഞങ്ങൾ നിലവിളിച്ചു. പക്ഷെ ഞങ്ങളുടെ നിലവിളി നിഷ്ഫലമായിരുന്നു. പോലീസുകാർ വന്നില്ല. പകരം വന്നതു സം

ഘം ചേർന്ന അക്രമികളായിരുന്നു. അവക്ക മതി വരുവോളം കുട്ടികളേയും സ്ത്രീകളേയും പുരുഷന്മാരേയും കശാപ്പുചെയ്തു. സഹോദരന്മാരുടെ മുമ്പിൽവച്ചു സഹോദരികളേയും, പുത്രന്മാരുടെ മുമ്പിൽവച്ച് അമ്മമാരേയും ബലാൽസംഗം ചെയ്തു. അവരെ നഗ്നരായിനിറുത്തി പരസ്പരം മൂത്രം കുടിക്കാൻ നിർബന്ധിച്ചു. അവരെ നിലത്തു കിടത്തി, കൗതുകപൂർവം കുത്തി, ചെഞ്ചോര കയ്യിൽ പുരട്ടി, ആരകതം കൊണ്ടു സ്ത്രീകളുടെ മുഖത്തിനു നിറപ്പകിട്ടേകി; തുടന്നു വീണ്ടും ബലാൽസംഗം ചെയ്തു." ഈ കഥ വിവരിക്കവെ അയാൾക്ക തന്നെ ശ്വാസം മുട്ടുന്നതുപോലെ തോന്നി. പെട്ടെന്ന് തേങ്ങി കരഞ്ഞുകൊണ്ടയാൾ പറഞ്ഞു. "അവിടെ മരണമടഞ്ഞവരുടെ കൂട്ടത്തിൽ എൻെറ....ഉൾപ്പെടുന്നു." അയാളുടെ ഒരു ബന്ധു ഏററവും നിർദ്ദയമായ വിധം മരണത്തിനു വിധേയമായ കഥ ഞാൻ പിന്നീടറിഞ്ഞു.

## വെറും കശാപ്പ്

ഇത്തരം കശാപ്പ് പെട്ടെന്നു ചെയ്തിട്ടുള്ളതല്ല. സുനിശ്ചിതമായ പരിപാടികളോടുകൂടി നിർവഹിച്ചിട്ടുള്ളതാണ്. പാകിസ്ഥാൻെറയും ലീഗിൻെറയും നാമത്തിൽ നടത്തിയിരുന്ന സമ്മേളനങ്ങളിൽ ആയിരക്കണക്കിനു ജനങ്ങളെ ക്ഷണിക്കമായിരുന്നു. പതിവായി പ്രഭാഷണങ്ങൾ നടത്തുകയും, പദ്ധതികൾ വെളിപ്പെടുത്തുകയും സമ്മേളനാന്ത്യത്തിൽ രക്തപാനോൽസുകമായ ജനത പലവഴികളിലായി സംഘം ചേർന്ന പാഞ്ഞ് കൊല, കൊള്ള, ബലാൽസംഗം തുടങ്ങിയവ ഏററവും പൈശാചികമായി പ്രവർത്തിക്കുകയും പതിവായിരുന്നു. തീവയ്പും കശാപ്പും വ്യഭിചാരവും, കവർച്ചയും നവഖാലിയിലും മററു സ്ഥലങ്ങളിലും ഏതാനും ദിവസങ്ങളിൽ സർവസാധാരണമായിത്തീന്നു ഭീകരതയും കൂട്ടക്കൊലയും വിവരണാതീതമായ അക്രമവും കിഴക്കേബംഗാളിൽ കൊടുങ്കാററു വീശി. എന്നാൽ ഗവർണ്ണറും സുഹ്റവർദ്ദിയും ഡാർജീലിംഗ് കാലാവസ്ഥയി

ൽ രസിച്ചുകൊണ്ടു പരസ്പരം സാമർത്ഥ്യത്തേയും കഴിവുകളേയും വാഴ്ത്തുകയായിരുന്നു. ബംഗാളിന്റെ വേദനാജനകമായ രോദനത്തിൽ ബധിരത്വം പൂണ്ടിരുന്ന ആ അവർണ്ണരുമായി സമ്പർക്കം പുലർത്തുവാൻ ഞങ്ങൾക്ക്. അത്യാകാംക്ഷയുണ്ടായി. അദ്ദേഹത്തിന്റെ സഞ്ചാരപരിപാടികളെക്കുറിച്ചു ശരിയായ വിവരങ്ങൾ ഉദ്യോഗസ്ഥന്മാർ നൽകായ്കനിമിത്തം അദ്ദേഹത്തെ കണ്ടുപിടിക്കാൻ ഞങ്ങൾക്കു ഒരു ശരിയായ വേട്ട നടത്തേണ്ടിവന്നു. ഒടുവിൽ കൃപലാനിയും ശരത്ബോസും ഒക്ടോബർ 20-ാംനു- അദ്ദേഹത്തെ ചിററഗാംഗിൽവച്ചു് സന്ദർശിച്ചു. ഏതാണ്ട് സുദീർഘമായ ഒരു സംഭാഷണംതന്നെ അവർ നടത്തി.

എല്ലാററിനും അദ്ദേഹം "എല്ലാം ശരി" എന്നും "കാര്യങ്ങളെല്ലാം നേരെയാകുമെന്നും" പറഞ്ഞു. അദ്ദേഹവും മി: സുഹ്റാവർദ്ദിയും സ്ഥിതിഗതികൾ നിയന്ത്രണാധീനമാക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങളൊന്നുംചെയ്യാതെ ആ ദാരുണ സംഭവത്തിന്റെ ഗൗരവം ലഘൂകരിപ്പെടുത്തുന്നതിനു ഉദ്യമിക്കുകയായിരുന്നു.

## ബംഗാൾ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച

ഈ യാത്രയിൽ ഏററവും അമ്പരപ്പിക്കുന്ന അനുഭവം മി. സുഹ്റാവർദ്ദിയുമായിനടന്ന സന്ദർശനമായിരുന്നു. അദ്ദേഹത്തിനു ശിലകൊണ്ടുള്ള ഒരു ഹൃദയമാണുള്ളത്. അവിടെസംഭവിച്ചു സകലതിലും അദ്ദേഹം പ്രദർശിപ്പിച്ച അനാസ്ഥ ഭയങ്കരമാണ്. അദ്ദേഹത്തിന്റെ അലംഭാവം അമ്പരപ്പിക്കുന്നതായിരുന്നു. നൂറുപേർമാത്രമേ കൊല്ലപ്പെട്ടുള്ളുവെന്നു് എന്നോടു പറഞ്ഞു. അമൃതബസാർപത്രികയുടെ പത്രാധിപരായ മി. സി. കെ. ഭട്ടാചാര്യ ഇടയ്ക്കുകയറി ഇങ്ങനെ ചോദിച്ചു.- "നിങ്ങൾ എന്തിനെപ്പററിയാണു് സംസാരിക്കുന്നതെന്നറിയാമോ" അതിനു മി: സുഹ്റുവർദ്ദി

ഇപ്രകാരം മറുപടി പറഞ്ഞു. "എന്റെ പ്രിയപ്പെട്ട സ്നേഹിതാ! നിങ്ങൾ എപ്പോഴും അതിശയോക്തിപരമായാണ് സംസാരിക്കുന്നത്. നിങ്ങളോടു രഹസ്യമായി ചിലതു സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഊർജ്ജസ്വലനായ പത്രാധിപർ തന്റേടത്തോടുകൂടി പറഞ്ഞു,-"നോക്കൂ മി. സുഹ്റവർദ്ദി, എന്നെ സമ്മതിപ്പിക്കുവാൻ ശ്രമിക്കേണ്ട. നിങ്ങളെ എനിക്കു നല്ലപോലെ അറിയാം." ആ സംഭാഷണം ഏകദേശം അവസാനിച്ചു.

പ്രധാനമന്ത്രിയോട് അദ്ദേഹം അർഹിക്കുന്ന അവജ്ഞയോടെ ആ പത്രാധിപർ പെരുമാറിയതിൽ ഞാൻ സന്തോഷിച്ചു. എന്നാൽ മി: സുഹ്റവർദി കാര്യം സമ്മതിക്കുവാൻ ഒരുക്കമില്ലായിരുന്നു. ഭയങ്കരമായി യാതൊന്നും സംഭവിച്ചില്ലെന്നും ലീഗുവിരുദ്ധഘടകങ്ങൾ സംഗതികളെ അതിശയോക്തികലർത്തി പ്രസ്താവിക്കുകയാണെന്നും ഞങ്ങളെ മനസ്സിലാക്കുവാൻ അദ്ദേഹം മുഴുവൻ സമയവും ശ്രമിച്ചു.

കയ്യും കളവുമായി പിടിച്ച അക്രമികളെ ജാമ്യത്തിൽവിടുകയുണ്ടായി എന്ന് ഞങ്ങൾ മി. സുഹ്റവർദ്ദിയോടു പറഞ്ഞു. അപ്പോൾ കോപാകുലനായി അദ്ദേഹം പറഞ്ഞു, "ഇപ്പോൾ എന്നോടു് കഥകൾ പറയരുത് ഇതു് അസാദ്ധ്യമാണ്."

ഞങ്ങളുടെ കണ്ണുകെട്ടുവാൻ ശ്രമിക്കരുതെന്നു് ഇടയ്ക്കു കയറി പറഞ്ഞുകൊണ്ടു് ഞാൻ തുടർന്നു- "എന്നോടുകൂടി വരിക. ഇപ്പോൾ ഇവിടെവച്ച് വാസ്തവങ്ങൾ കണ്ടുപിടിക്കുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. കോമില്ലായിലെ മജിസ്ട്രേട്ടിനു ഫോൺചെയ്തു് ഞങ്ങൾ നിങ്ങളോടു പറയുന്നതു ശരിയാണോ എന്നന്വേഷിക്കുക." "ശരിതന്നെ ശരിതന്നെ. ഞാൻ അതു നോക്കിക്കൊള്ളാം." എന്നു പ്രസ്താവിച്ചുകൊണ്ടു് ബംഗാൾപ്രധാനമന്ത്രി ഹാരമെടുത്തു് കളിച്ചുകൊണ്ടിരുന്നു. ഗവർണരുടെ പത്നിയുടെപേരിൽ സ്ഥാപിച്ചിട്ടുള്ള ചിററഗാംഗിലെ ഒരു ആശുപത്രി സന്ദർ

ശിച്ചപ്പോൾ അദ്ദേഹത്തിന്റെ കഴുത്തിൽ എറിഞ്ഞുകൊടുത്തതാണു് പ്രസ്തുത ഹാരം.

പാതകപ്പരിഷകളുടെ ക്രോധത്തിൽ ബംഗാൾ ദഹിച്ചുകൊണ്ടിരുന്നപ്പോൾ അവിടുത്തെ പ്രധാനമന്ത്രി സുഖകരമായ ഡാർജീലിംഗ് കാലാവസ്ഥയും ആസ്വദിച്ച്, ഗവർണരുടെ പത്നിയുടെപേരിൽ നടത്തപ്പെടുന്ന ആശുപത്രി സന്ദർശിച്ച് അവരെ പ്രീതിപ്പെടുത്തിക്കൊണ്ടു് കഴിഞ്ഞുകൂടുകയായിരുന്നു. ഇതെല്ലാം ചെയ്യുവാൻ സുഹ്രവർദിക്കു് സമയമുണ്ടായിരുന്നു. പക്ഷെ, നവഖാലി സന്ദർശിക്കുവാനും സൈനികസഹായം ഏർപ്പെടുത്തുവാനും നിവൃത്തിയില്ലാത്തവിധം അദ്ദേഹത്തിനു് ജോലിത്തിരക്കായിപ്പോയി. ബംഗാൾ എരിഞ്ഞുകൊണ്ടിരുന്നു. പ്രധാനമന്ത്രി സുഹ്രവർദി വീണമീട്ടി.

കോമില്ലായിൽ വച്ചു ചില തൊപ്പികൾ എന്നെ കാണിച്ചു. പാകിസ്ഥാൻ അടയാളപ്പെടുത്തിയിരുന്ന ഇന്ത്യയുടെപടവുംലീഗിന്റെ കൊടിയുംഅവയിൽവരച്ചിരുന്നു.നവഖാലിയിലെ കൊലയാളികൾക്കു ഇരയായി തീർന്നവർ മതപരിവത്തനത്തിനുശേഷം ഈ തൊപ്പികൾധരിക്കാൻ നിർബന്ധിതരായി.ഈ ആജ്ഞ അനുസരിക്കാൻ വിസമ്മതം കാണിച്ചവരെയെല്ലാം കൊല്ലുകയാണുചെയ്തതു്. ഞാൻ ഈ കഥകൾ സുഹ്രവർദിയോടുപറഞ്ഞു. പുഞ്ചിരിയോടുകൂടി അദ്ദേഹം ഇങ്ങനെപറഞ്ഞു "എന്റെ സ്നേഹിതാ! അതിൽ യാതൊന്നുമില്ല. തലയിൽ തൊപ്പിയിട്ടതുകൊണ്ടുമാത്രം ആളുകളെ മതംമാററാൻ കഴിയുമോ? എന്നാൽ അതു ആക്രമികളുടെ സ്വഭാവത്തേയോ ജനസമൂഹത്തിന്റെ നിയോഗങ്ങളേയോസൂചിപ്പിക്കുന്നില്ല." "മി.സുഹ്രവർദി, നിങ്ങൾക്കു മനസ്സിലാക്കാൻകഴിയുമെങ്കിൽ അതിൽ വളരെ അർത്ഥമുണ്ടു്" എന്നു ഞാൻ പറഞ്ഞു. എന്നാൽ ഇതുകൊണ്ടൊന്നും അദ്ദേഹത്തിൽ യാതൊരുഫലവുമുണ്ടായില്ല. അദ്ദേഹം ഇപ്രകാരംപറഞ്ഞുകൊണ്ടു് എഴുന്നേററു. "നിങ്ങൾവളരെ ക്ഷോഭിച്ചിരിക്കുന്നതായി തോന്നുന്നു. കൂടുതൽ ശാന്ത

തകാണിക്കുക." മി.സുഹ്രവർദി സംസാരിച്ചരീതി എന്നെ അമ്പരപ്പിച്ചു. അദ്ദേഹത്തിന്റെ ഭാവം അൽഭുതകരമായിരുന്നു. നിർല്ലജ്ജമായ അശ്രദ്ധയാണ് അദ്ദേഹം കാണിച്ചതു്.

മി. സുഹ്രവർദിക്ക് എല്ലാററിനും പ്രത്യേകമായ ഒരു വ്യാഖ്യാനവും വിശദീകരണവുമുണ്ടായിരുന്നു. ഗ്രാമങ്ങളിൽ നൂറുകണക്കിനു വീടുകൾ അക്രമിസംഘങ്ങൾ നശിപ്പിക്കുന്നു എന്നു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു്, മിക്കവാറും സംഭവങ്ങളിൽ തങ്ങളുടെ വസ്തുവകകൾ കൂടുതൽ സുരക്ഷിതമാകുമെന്നുള്ള പ്രതീക്ഷയോടെ, വിട്ടുപോകുമ്പോൾ ഹിന്ദുക്കൾതന്നെ സ്വന്തവീടുകൾ വലിച്ചുപൊളിക്കുകയാണ് ചെയ്തിട്ടുള്ളതെന്നാണ്. അദ്ദേഹം തുടർന്നു:—"അവർ അങ്ങനെ ചെയ്തതു് ബുദ്ധിപൂർവമാണ്. അവർ ഗ്രാമങ്ങളിലേക്കു തിരിച്ചുവരുമ്പോൾ അവരുടെ വസ്തുവകകൾ വീണ്ടുകിട്ടാൻ ഇടയുണ്ടു്."

## മുന്നറിയിപ്പിനെ വകവെച്ചില്ല

വരാൻപോകുന്ന സംഗതികളെപ്പററി തങ്ങൾക്കു യാതൊരു രൂപവുമില്ലായിരുന്നു എന്ന മുടന്തൻ സമാധാനം എടുത്തുചാടുവാൻ ഗവർമ്മെണ്ടിനു സാധ്യമല്ല. അക്രമികൾ കലാപമുണ്ടാക്കുവാൻ തന്നെ നില കൊള്ളുന്നു എന്നും യഥാസമയം നിയന്ത്രിച്ചില്ലെങ്കിൽ അവർ നാശമുണ്ടാക്കുമെന്നും പത്രങ്ങൾ ലീഗ് മന്ത്രിസഭയോട് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരുന്നു. എന്നാൽ ഇതെല്ലാം പൊട്ടിയ കാതുകളിലാണു പതിച്ചതു്. എന്റെ സഞ്ചാരത്തിൽ ഒരു മജിസ്രേട്ടിനെ കണ്ടു. വല്ലാതെ വിളറി ക്ഷീണിച്ചിരുന്ന അദ്ദേഹം പറഞ്ഞതു് തന്റെ രക്ഷയ്ക്കു പോലുമുള്ള പോലീസുകാർ തന്നോടുകൂടിയില്ലെന്നും കൂടുതൽ പോലീസും പ്രത്യേകമായി പട്ടാളവും അനുവദിക്കണമെന്നുള്ള തുടർച്ചയായ അഭ്യർഥന അവഗണിക്കപ്പെട്ടു എന്നുമാണ്.

## "വിധിയുടെ വളർത്തുപുത്രൻ"

ശ്രീ താണ്ടന്റെ രസകരമായ ഈ ലേഖനം ബംഗാളി

ൽ കൃപലാനി ദമ്പതികൾ ഒരുമിച്ചു നടത്തിയ ഒരു പര്യടനത്തിന്റെ വിവരണത്തോടുകൂടിയാണ് ഉപസംഹരിക്കുന്നത്. ശ്രീ താണ്ടൻ പറയുന്നു:—ആചാര്യകൃപലാനിയും പത്നിയും ഉൾനാടുകളിലേക്കു പോകാൻ നിശ്ചയിച്ചു. ശ്രേഷ്ഠവും ധീരവും ആയ ഈ തീരുമാനം പല അഭിനന്ദനങ്ങളും നേടി. രാഷ്ട്രപതിയുടെ സാന്നിദ്ധ്യം ബംഗാളിലെ ഗ്രാമീണർക്കു കൂടുതൽ മനോവീര്യം നൽകി. വേദനയുടെയും വിപത്തിന്റെയും മദ്ധ്യത്തിൽ കോൺഗ്രസ്സ് മഹാസംഘടനയുടെ നേതാവു തങ്ങളുടെ കൂടെയുള്ളത് അവരെ സമാശ്വസിപ്പിച്ചു; സന്തോഷിപ്പിച്ചു. ഈ ചടച്ചു മെലിഞ്ഞ ആചാര്യ കൃപലാനി എത്രമാത്രം ചൈതന്യവും സജീവത്വവും തന്നിൽ സംഭരിച്ചിരിക്കുന്നു എന്നുള്ളതു എന്നെ അത്ഭുതപ്പെടുത്തി; വിമാനയാത്രയുടെ യാതൊരു ക്ഷീണവും ഞങ്ങളെപ്പോലെ അദ്ദേഹത്തിനുണ്ടായില്ല. നമുക്ക് മുന്നോട്ടു പോകാം എന്നായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ഒക്ടോബർ 21-ാംനു വിമാനം കൽക്കട്ടായിൽ മടങ്ങി എത്തിയപ്പോൾ ആചാര്യകൃപലാനിയും പത്നിയും മുന്നറിയിപ്പുകൾ അവഗണിച്ചു ചാന്ദ്പൂരിലേക്കു പോയി എന്ന അറിവു പൗരന്മാരെ വളരെ വ്യാകുലപ്പെടുത്തി. എന്നാൽ നമ്മുടെ നേതാക്കന്മാർ വിധിയുടെ വളർത്തുപുത്രന്മാരാണ്; പാതകികളുടെ രക്തപങ്കിലമായ പാണികൾ അവരെ സ്പർശിക്കുകയില്ല" തീർച്ചയായും ആചാര്യകൃപലാനി വിധിയുടെ പ്രിയംകരനായ വളർത്തുപുത്രൻ തന്നെ.

## കോൺഗ്രസ്സ് പ്രസിഡണ്ട്

ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രസിഡണ്ട് പദം ഇൻഡ്യയിൽ ഓരോ കോൺഗ്രസ്സുകാരൻ മാത്രമല്ല കോൺഗ്രസ്സ് ശത്രു പോലും സുവർണ്ണസ്വപ്നവിഷയമാക്കുന്ന സമുന്നതമായ പദവിയാണെന്നുള്ളതിനു സംശയമില്ല. സ്വരാജ് ഓരോ ഭാരതീയന്റെയും ജന്മാവകാശമാണെങ്കിൽ രാഷ്ട്രപതിത്വം ഓരോ ഭാരതീയന്റെയും ജന്മസാഫല്യമാണ്. ഒടുവിൽ ആചാര്യകൃപലാ

നിയുടെ കോൺഗ്രസ്സ് സേവന പരിപാടികളും ദേശസേവന പരിപാടികളും അർഹിക്കുന്നതുപോലെ പരിഗണിക്കപ്പെടുകയും ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിൻെറ 54-ാമത്തു വാർഷികസമ്മേളനത്തിൻെറ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു. കിഴക്കൻ ബംഗാളിൽനിന്നാണവരെ മീററ്റിലേക്കാണ ആചാര്യകൃപലാനിപോയതു്.

## "കൊടിയെ രക്ഷിക്കുക"

മീററ്റിൽ രാജകീയമായ ഒരു സ്വീകരണം അദ്ദേഹത്തിനു നൽകപ്പെട്ടു. ഐ എൻ ഏ ബാൻറു് ആസാദ് ഹിൻഡ് ദേശീയഗാനം പാടുമ്പോൾ ഗാർഡ് ഓഫ് ഓണർ പരിശോധിച്ച ശേഷം അദ്ദേഹം ത്രിവർണ്ണപതാക ഉയർത്തി. തുടർന്നു അദ്ദേഹം ചെയ്ത പ്രസംഗത്തിൽ ത്രിവർണ്ണ ദേശീയപതാകയുടെ പ്രാധാന്യം വിവരിച്ചു. ത്യാഗം, പീഡനം, ഈ രാജ്യത്തിലെ കോടിക്കണക്കിനുള്ള ജനങ്ങൾ ഉൾക്കൊള്ളുന്ന സ്വരാജിൻെറ ആശയങ്ങൾ എന്നിവയാണു ഈ കൊടി പ്രതിനിധീകരിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. അദ്ദേഹം ഇപ്രകാരം തുടർന്നു. ഇതുവരെ വിദേശികളായ ഭരണാധികാരികളുടെ മർദ്ദനത്തിൽ നിന്നു നാം ഈ കൊടിയെ രക്ഷിച്ചു. ഭാവിയിൽ ഇതുപോരാ. നമ്മുടെ ദൌർബല്യത്തിൽ നിന്നു മുതലെടുത്തു നമ്മെ ഭരിക്കാൻ വെമ്പുന്നവരും, എണ്ണത്തിൽ വളരെയുള്ളവരും ആയ അന്തർദ്ദേശീയ കൊള്ളക്കാരിൽ നിന്നും നമ്മുടെ സ്വന്തം ദൌർബല്യത്തിൽ നിന്നും ആഭ്യന്തര കലാപത്തിൽ നിന്നുംനാം ഇനി ഈ കൊടിയെ രക്ഷിക്കേണ്ടിയിരിക്കുന്നു. നാം സാമ്രാജ്യവാദികളല്ല. നമുക്കു ആക്രമണപരമായ ലക്ഷ്യങ്ങളില്ല തന്നെ. നമുക്കു വല്ല ലക്ഷ്യങ്ങളുമുണ്ടെങ്കിൽ അതു സത്യവും അക്രമരാഹിത്യവും എന്ന നമ്മുടെ ഉൽകൃഷ്ടപാരമ്പര്യം പ്രചരിപ്പിക്കുക എന്നുള്ളതു മാത്രമാണു്.

## അദ്ധ്യക്ഷപ്രസംഗം

കോൺഗ്രസ്സ് സമ്മേളനങ്ങളിലെ അദ്ധ്യക്ഷപ്രസംഗ

ങ്ങളിൽ ആചാര്യകൃപലാനിയുടേതു അതിന്റേതു മാത്രമായ പ്രാധാന്യവും പരിമളവും കലർന്നു പ്രശോഭിക്കുന്നു എന്നു ഇപ്പോൾ ഏറെക്കുറെ സർവസമ്മതമായി തീർന്നിട്ടുണ്ട്. അതിന്റെ ആരംഭവും അവസാനവും പ്രത്യേകമായും പ്രതിപാദനരീതി പൊതുവായും പ്രത്യേകവിധത്തിൽ ആകർഷകമാണു. സഭയെ നമസ്ക്കരിച്ചുകൊണ്ടു ആചാര്യകൃപലാനി അദ്ധ്യക്ഷപ്രസംഗം ഇപ്രകാരം ആരംഭിച്ചു. "ഈ കൊല്ലത്തെ നിങ്ങളുടെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കാൻ എന്നെ തെരഞ്ഞെടുത്തതിനു എനിക്കു നിങ്ങളോടു കൃതജ്ഞതയുണ്ട്. ഈ വിശിഷ്ടമായ ബഹുമതിക്കു ഏററവും യോഗ്യനായ ആളെന്നു വിചാരക്കത്തക്കവിധത്തിൽ അത്ര അഹങ്കാരം എനിക്കില്ല. അതുപോലെ തന്നെ നിങ്ങൾ നിയോഗിച്ച ജോലിക്കു തികച്ചും അയോഗ്യനായ ഒരാളെ തെരഞ്ഞെടുത്തു എന്നു വിനയത്തെ കുറിച്ചു തെററായ ഒരു ധാരണമൂലം അഭിപ്രായപ്പെട്ടു നിങ്ങളെ ഞാൻ ആക്ഷേപിക്കുകയും ചെയ്യുന്നില്ല. പണ്ടു സവിശേഷം ഈ സ്ഥാനം അലങ്കരിച്ച നമ്മുടെ പഴയ നേതാക്കന്മാർക്കു ഇപ്പോൾ മററു കർത്തവ്യങ്ങൾ ഉണ്ട്. ഈ സംഘടനയുടെ സേവനത്തിനു മാത്രം സ്വയം സമർപ്പിക്കുവാൻ അവർക്കു സ്വാതന്ത്ര്യമില്ല. നമ്മുടെ സംഘടനയാകുന്ന കപ്പലിനെ കൊടുങ്കാററും ആപത്തും അഭിമുഖീകരിച്ചുകൊണ്ടുള്ള അതിന്റെ യാത്രയിൽ ഏററവും ഗൗരവാവഹമായ ഒരു ഘട്ടത്തിൽ നയിച്ച മൗലനാ അബ്ദുൾകലാം ആസാദിനാകട്ടെ ഔദ്യോഗികവ്യഗ്രതകളിൽനിന്നു സ്വതന്ത്രനായി അദ്ദേഹം എത്രയോ അർഹിച്ച വിശ്രമം വേണ്ടിവന്നു. നിങ്ങളുടെ സേവനത്തിനു സ്വയം സമർപ്പിക്കുവാൻ എനിക്കു സൗകര്യമുണ്ടായിരുന്നു. നിങ്ങളുടെ പ്രഥമഭൃത്യനായി നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. ഈ സ്ഥാനത്തിന്റെ ബൃഹത്തായ ബഹുമതിയെക്കുറിച്ചു എനിക്കു പൂർണ്ണബോധമുണ്ട്. എന്നാൽ ഇതിന്റെ ഉത്തുംഗമായ ഉത്തരവാദിത്വത്തെക്കുറിച്ചു എനിക്കു കൂടുതൽ ബോധമുണ്ട്: ഇതൊരു മുൾക്കിരീടം ആണെന്നു ഗാന്ധിജി പറഞ്ഞിരി

ക്കുന്നു. അട്ടഹത്തിന്റെ ആ വാക്കുകൾ വളരെ അധികം മൈൻകൾ സ്ഥാപിച്ചിട്ടുള്ള തുറമുഖത്തേക്കു നമ്മുടെ കപ്പൽ അടുത്തുചെല്ലുന്ന ഇന്നു് എന്നത്തേതിലും കൂടുതൽ അനർത്ഥമാണു്. എന്നാൽ നാം നമ്മുടെ ധർമ്മത്തോടു വിശ്വസ്തതയുള്ളവരും ഐക്യമുള്ളവരും ആയിരിക്കുമെങ്കിൽ ലക്ഷ്യം പ്രാപിക്കുന്നതിൽനിന്നു നമ്മെ തടയുവാൻ ഭൂമുഖത്തു ഒരു ശക്തിക്കും കഴിയുന്നതല്ലതന്നെ.

നാം സമ്മേളിക്കുന്നതു ആറു പൂർണ്ണവർഷങ്ങൾ-ലോകചരിത്രത്തിൽ ഉള്ള പ്രാധാന്യത്തോടൊപ്പമുള്ള പ്രാധാന്യംതന്നെ നമ്മുടെ സ്വാതന്ത്ര്യസമരം സംബന്ധിച്ചുമുള്ള ആറുവർഷങ്ങൾ- കഴിഞ്ഞതാണു്. ഈ ആറുവർഷങ്ങൾക്കിടയിൽ ബ്രി. ഗവർമ്മെൻറുമായി നാം രണ്ടു പ്രത്യക്ഷസമരത്തിലേർപ്പെട്ടു. ഇൻഡ്യ സ്വതഇഷ്ടത്തിനു വിരുദ്ധമായി വലിച്ചിഴയ്ക്കപ്പെട്ട ഒരു യുദ്ധത്തിനെതിരായി ഓരോ ഇൻഡ്യക്കാരനുമുള്ള അഭിപ്രായം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി 1941-ൽ നാം വ്യക്തിപരമായ സിവിൽനിയമലംഘനത്തിൽ ഏർപ്പെട്ടു. ഈ പരിമിതമായ ലക്ഷ്യം സംബന്ധിച്ചിടത്തോളം അതു വിജയകരമായിരുന്നു.

## “ക്വിറ്റിന്ത്യാ”സമരം

രണ്ടാമത്തേതു സമസ്തവ്യാപകമായ ക്വിറ്റിന്ത്യാസമരം ആയിരുന്നു. 1930 ജനുവരി 1-ാംനു- കോൺഗ്രസ്സ് തങ്ങളുടെ ലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്നു വീണ്ടും പറഞ്ഞപ്പോൾ അതു് ഇൻഡ്യ വിട്ടുപോകാൻ വിദേശികൾക്കു നൽകിയ നോട്ടീസായിരുന്നു. എന്നാൽ അതു് അവ്യക്തമായ ഒരു നോട്ടീസായിരുന്നു. വിദേശികൾ അതു് അവഗണിച്ചു. നാം അതു നടപ്പിൽ വരുത്തിയതുമില്ല. എന്നാൽ 1942-ൽ അവർ ഇന്ത്യ വിട്ടുപോകാൻ നാം ഖണ്ഡിതമായ ഉത്തരവു നൽകി. സ്വന്തം സാമ്രാജ്യത്വപരമായ പദ്ധതികളുടെ വലയിൽ കുടുങ്ങിപ്പോയ ബ്രിട്ടൻ ഒരു ദ്വിതീയലോകമഹായുദ്ധത്തിൽ ഉൾപ്പെട്ടുകഴി

ഞ്ഞിരുന്നു. ഒരു വൻകിടയുദ്ധത്തിനു ബ്രിട്ടൻ അസന്നദ്ധവുമായിരുന്നു. ഒരു ജീവിതമരണയുദ്ധത്തിൽ ആണും ഉൾപ്പെട്ടിരിക്കുന്നതെന്നു ബ്രിട്ടൻ അതിവേഗത്തിൽ മനസ്സിലായി. നാനാരംഗങ്ങളിൽ അതിന്റെ പ്രത്യാഘാതം പ്രജായത്തഭരണം സംബന്ധിച്ചിടത്തോളം ഒരു പാഠമാണു്. ജനകീയപരമാധികാരം നിലവിലുള്ള ബ്രിട്ടനിലെ ജനങ്ങൾ അതു സംബന്ധിച്ചു വീരോചിതമായി വർത്തിച്ചു. എന്നാൽ ജനകീയാഭിലാഷങ്ങൾക്കെതിരായി ഇൻഡ്യയുടെ മേൽ യുദ്ധംകെട്ടിവയ്ക്കുകയും തന്നിമിത്തം ഇൻഡ്യയിൽ ബ്രിട്ടൻ ധൈര്യലയം നേരിട്ടു പരിഭ്രമത്തോടും സാന്മാർഗ്ഗികാധഃപതനത്തോടുംകൂടി പെരുമാറുകയും ചെയ്തു. ജാപ്പ് ആക്രമണഭീതിയാൽ അധികൃതന്മാർ ജനങ്ങളെ അവരുടെ വീടുകളിൽ നിന്നും വയലുകളിൽനിന്നും ആട്ടിപ്പായിച്ചു. അധികൃതന്മാർ ജനങ്ങളുടെ കാലക്ഷേപമാർഗ്ഗവും തടഞ്ഞു. അപ്രകാരം നിയന്ത്രിച്ച ജനങ്ങൾക്കു പരാതിപ്പെടുവാൻപോലും സ്വാതന്ത്ര്യമില്ലായിരുന്നു. സ്വതന്ത്രമായ ആശയപ്രകടനത്തിനും സമ്മേളനത്തിനുമുള്ള എല്ലാ മാർഗ്ഗങ്ങളും നിരോധിച്ചു. ഇങ്ങനെ ക്ലേശിച്ച ജനങ്ങൾക്കു പരാതിപ്പെടുവാൻപോലും കഴിഞ്ഞില്ല. അനുഭവത്തിൽ പട്ടാളഭരണപരമായ നിയമങ്ങൾകൊണ്ടു സ്വതന്ത്രമായ ആശയപ്രകടനത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും നിരോധിച്ചിരുന്നു. രാജ്യത്തിന്റെ മുൻപിൽ രണ്ടു മാർഗ്ഗങ്ങളേ ഉണ്ടായിരുന്നുള്ളു. ഒന്നുകിൽ എല്ലാ അവശതകളും ക്ഷമയോടുകൂടി സഹിക്കുക അല്ലെങ്കിൽ വെല്ലുവിളി സ്വീകരിച്ചു സമരം ചെയ്യുക. ഈ വെല്ലുവിളിയെ അവഗണിക്കുവാൻ കോൺഗ്രസ്സിനു കഴിഞ്ഞില്ല. അവഗണിച്ചിരുന്നെങ്കിൽ യൂറോപ്പിലെ സോഷ്യൽ ഡെമോക്രാറ്റുകളെപ്പോലെ കോൺഗ്രസ് യുദ്ധം ചെയ്യാതെ നശിക്കുമായിരുന്നു. ആദർശത്തിനുവേണ്ടി സമരം ചെയ്യാതെ കീർത്തിദോഷത്തോടുകൂടിയാണു് യൂറോപ്പിലെ സോഷ്യൽ ഡെമോക്രാറ്റുകൾ നാമാവശേഷമായതു്. എന്നാൽ ഈ പരമോന്നതമായ പ്രതിസന്ധിഘട്ടത്തിൽ വെല്ലുവിളി സ്വീകരിക്കാൻതന്നെ ഗാന്ധിജി തീ

മാനിച്ചു. വേണ്ടിവന്നാൽ യുദ്ധം ചെയ്തു മരിക്കുവാൻ അദ്ദേഹം കേൺഗ്രസ്സിനെ ക്ഷണിച്ചു. അദ്ദേഹത്തെ പിൻചെല്ലുന്നതിനുള്ള വിവേകം കോൺഗ്രസ്സിനും രാജ്യത്തിനും ഉണ്ടായി.

പല രാഷ്ട്രീയപ്രവർത്തകന്മാരും സംശയത്തോടുകൂടി തല പൊക്കി. ബ്രിട്ടന്റെ സായുധശക്തി മുഴുവൻ സംഭരിരിക്കുകയും അമേരിക്കയുടെ വിഭവങ്ങൾ മുഴുവൻ ആ രാജ്യത്തിനു ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു സന്ദർഭത്തിൽ ആ രാജ്യത്തോടു യുദ്ധം ചെയ്യുന്നതു വെറും വിഡ്ഢിത്വമാണെന്നു പലരും വിചാരിച്ചു. എന്നാൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് വിപ്ലവപരമായ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പ്രവേശിച്ചപ്പോൾ ലോകമര്യാദപ്രകാരമുള്ള രാഷ്ട്രീയകാര്യങ്ങൾ ഉപേക്ഷിച്ചു എന്നു ഈ വിവേകശാലികൾ ഓർത്തില്ല. ശരിക്കു മനസ്സിലാക്കുകപോലും ചെയ്യാതിരുന്ന ഖിലാഫത്തുപ്രശ്നം കോൺഗ്രസ്സ് സ്വന്തമാക്കിയതു വിവേകമായിരുന്നുവോ? സ്വാതന്ത്ര്യത്തിനു ഉപ്പുസത്യാഗ്രഹം നടത്തിയതും വിവേകമായിരുന്നുവോ? ഉപ്പും സ്വാതന്ത്ര്യവും തമ്മിലുള്ള പ്രത്യക്ഷമായ ബന്ധമെന്താണ്. 21 ദിവസം നിരായുധരായ അനുയായികളോടുകൂടി നടന്നു ഒരുനുള്ള് ഉപ്പു പെറുക്കി എടുത്തതിൽ അടങ്ങിയിരുന്ന വിവേകം എന്താണ്? തന്റെ വായനമുറിയിൽ ഇരുന്നുകൊണ്ടു പണ്ഡിത മോട്ടിലാൽനെഹ്റു ഒരു ടെസ്റ്റ് ട്യൂബും സ്പിരിറ്റുലാമ്പും ഉപയോഗിച്ച് ഉപ്പുണ്ടാക്കിയതിൽ അടങ്ങിയിരുന്ന രാഷ്ട്രീയമോ മറ്റെന്തെങ്കിലും സംബന്ധിച്ചുള്ളതോ ആയിരുന്ന വിവേകം എന്തായിരുന്നു? അറസ്റ്റ് ചെയ്യുന്നതുവരെ വ്യക്തികൾ അങ്ങുമിങ്ങും നടന്നു യുദ്ധവിരുദ്ധ മുദ്രാവാക്യങ്ങൾ ഉച്ചരിക്കുന്നതിൽ അടങ്ങിയിരുന്ന വിവേകം എന്തായിരുന്നു? ലോകമര്യാദപ്രകാരം ചെയ്യേണ്ടതു ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് ഒരിക്കലും ചെയ്തിട്ടില്ല എന്നുള്ളതും സ്വാതന്ത്ര്യസമരം അവസാനിച്ചു സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ അങ്ങനെ ചെയ്താൽ അതിന്റെ വിപ്ലവപരമായ സ്വഭാവം

അവസാനിക്കുമായിരുന്നു എന്നുള്ളതും ആണു പരമാർത്ഥം.

ഓരോ പ്രസ്ഥാനവും അവസാനിക്കുമ്പോൾ കോൺഗ്രസ്സ് പരാജയപ്പെട്ടു എന്നും മുട്ടു മടക്കി എന്നും തോന്നാറുണ്ടു്. കോൺഗ്രസ്സ് എന്നെന്നേയ്ക്കുമായി തകൎക്കപ്പെട്ടു എന്നു വിദേശഗവൎമ്മെൻറും കരുതും. എന്നാൽ ഇങ്ങനെ പരാജയമടഞ്ഞു എന്നു കരുതപ്പെടുന്ന കോൺഗ്രസ്സ് അവസരം വരുമ്പോൾ കൂടുതൽ ശക്തിയോടും സജീവമായും പ്രവൎത്തിക്കുന്നതായി കാണാം. എവിടെ നിന്നാണു് കോൺഗ്രസ്സിനു ഈ ശക്തി കിട്ടുന്നതു്. അനുഭവിച്ച യാതനകളിൽനിന്നും.

## 1942-നു ശേഷം

1942 ആഗസ്റ്റിലെ സമരം കഴിഞ്ഞു. ബ്രിട്ടീഷുകാർ മറഞ്ഞില്ല. അവർ നിന്നടത്തുതന്നെ നിന്നു. രാജ്യമോ അടിപെട്ടതായും കാണപ്പെട്ടു. "ഞങ്ങൾ ഇതൊക്കെ നേരത്തെ പറഞ്ഞതല്ലെ" എന്നു അന്ധകാരനിബിഡമായ ആ കാലഘട്ടത്തിൽ അനേകം കുപ്രവാചകന്മാർ തട്ടിവിടുകയും ചെയ്തു. എന്നാൽ കാരാഗൃഹ കവാടങ്ങൾ തുറക്കുകയും ഗാന്ധിജിയും കോൺഗ്രസ്സ് പ്രവൎത്തകസമിതി അംഗങ്ങളും പുറത്തുവരികയും ചെയ്തു. അപ്പോൾ നൈരാശ്യത്തിൻറയോ പരാജയത്തിൻറയോ യാതൊരു ലക്ഷണവും കണ്ടില്ല. ഒരു നവജീവൻ, ഒരു നവോന്മേഷം, ഇതാണു് ഞങ്ങൾ എവിടെയും കണ്ടതു്.

കോൺഗ്രസ്സിനെ അടിച്ചമൎത്തി എന്നു വമ്പു പറഞ്ഞിരുന്നരു ഗവൎമ്മെണ്ടുമായി കൂടിയാലോചന നടത്തുന്നതിനായി നേതാക്കന്മാർ സിംലായിലേക്കു നടത്തിയ യാത്ര ഒരു ജൈത്ര യാത്രതന്നെയായിരുന്നു. അതു പരാജിതരുടെ ഒരു യാത്രയായിരുന്നില്ല അനന്തരം പ്രവിശ്യകളിലെയും കേന്ദ്രത്തിലെയും നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പു വന്നു. ഇതിൻറ ഫലത്തെപ്പററി ആൎക്കും ഒരു സംശയവുമില്ലായിരുന്നു. കോൺഗ്രസിൻെറ രാഷ്ട്രീയപ്രവൎത്തനങ്ങളെ അതുവരെ കുററം പറഞ്ഞിരുന്നവർ ഒട്ടും സമയം കള

യാതെ തിരികെ കോൺഗ്രസിൽ പ്രവേശിക്കുകയും അസംബ്ളിസ്ഥാനങ്ങളിലേക്കും അധികാരസ്ഥാനങ്ങളിലേക്കും അവരുടെ പേരുകൾ നൽകുകയും ചെയ്തു. പുറകിൽകിടക്കുന്നതിനു അവർ ഇഷ്ടപ്പെട്ടില്ല എന്നുള്ള ഇതു കുറിക്കുന്നതു്. അവർ വേഗം കോൺഗ്രസിൽ ചേർന്നു. അവരെ സ്വീകരിക്കുകയും ചെയ്തു.

ജനങ്ങൾക്കു കോൺഗ്രസിലുള്ള വിശ്വാസം വർദ്ധിക്കയാണു ചെയ്തിരിക്കുന്നതെന്നു തെരഞ്ഞെടുപ്പു ഫലങ്ങൾ തെളിയിച്ചു. യാതന അനുഭവിച്ചു യുദ്ധം ചെയ്തവർ വിജയിച്ചു. അവക്കു അതിന്റെ പ്രതിഫലവും കിട്ടി. കഠിനമായി അദ്ധ്വാനിക്കയും ഉഗ്രമായ യാതനകളനുഭവിക്കയും ചെയ്തിട്ടുള്ളവരിൽ അനേകർ ഇന്നു നമ്മോടു കൂടിയില്ല. മാതൃരാജ്യത്തിനു വേണ്ടി അവർ അവരുടെ വിലയേറിയ ജീവൻ ബലികഴിച്ചു. ഭൂതകാലസംഭവങ്ങളെ പ്രത്യവലോകനം ചെയ്യുന്നതിനും ഭാവി നയം രൂപവൽക്കരിക്കുന്നതിനുമായി കൂടിയിരിക്കുന്ന ഈ സമ്മേളനത്തിൽ അജ്ഞാതരും സുവിദിതരുമായ ആ വീരഭടന്മാരെ സ്മരിക്കുന്നതിനു നാം ഒരിക്കലും വിസ്മരിക്കരുതു്. നമ്മുടെ വിനീതമായ ബഹുമാനാദരങ്ങൾ അവക്കു നേരാം. മറ്റുള്ളവർ സുഖിക്കുന്നതിനായി അവർ കഷ്ടപ്പെട്ടു. മറ്റുള്ളവർ ജീവിക്കുന്നതിനായി അവർ ജീവൻ വെടിഞ്ഞു.

## സിംലാക്കുഴപ്പം

ബ്രിട്ടീഷ് ഗവർമ്മെണ്ടിന്റെ നയത്തിലുണ്ടായ വ്യതിയാനഫലമായി 1945 ജൂൺ മാസത്തിൽ പ്രവൎത്തകസമിതി അംഗങ്ങൾ വിമുക്തരായി. കേന്ദ്രത്തിൽ ഒരു ദേശീയ ഗവർമ്മെണ്ടു രൂപവൽക്കരിക്കുന്നതിനെപ്പററി ആലോചിക്കുന്നതിനായി പ്രധാന രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളെ ഒരു കോൺഫറൻസിനായി വൈസ്രോയി ക്ഷണിച്ചു. ആ കോൺഫറൻസ് പരാജയപ്പെട്ടു. കാരണം അതിനു പ്രവൎത്തനസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. മുസ്ലീം ലീഗിന്റെ വാദങ്ങൾ നീതിയുക്തങ്ങളല്ലെന്നു അ

റിഞ്ഞിരുന്നിട്ടും വൈസ്രോയി അവയ്ക്കു തല കുനിയ്ക്കയാണു ചെയ്തതു്. ഒരു ലീഗേതരമുസ്ലിമിനെയോ ഒരു കോൺഗ്രസേതര മുസ്ലിമിനെയോ വൈസ്രോയി നാമനിർദ്ദേശം ചെയ്യുന്ന ഒരാളിനെയോ ക്യാബിനററിൽ ഉൾപ്പെടുത്തുന്നതിതിനു ലീഗു നേതാവു സമ്മതിച്ചില്ല. പിന്നെ എന്തിനാണു ഇങ്ങനെ ഒരു കോൺഫ്റൻസു വിളിച്ചു കൂട്ടിയതെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. കോപതാപങ്ങൾ രാജ്യത്തു പരന്നു. അനേകം പലർ ചോദിച്ചു ഇന്നത്തെ പിന്തിരിപ്പൻ ഭരണഘടനയെ അടിസ്ഥാനമാക്കി വിളിച്ചുകൂട്ടുന്ന ഒരു കോൺഫ്റൻസിനു "ക്വിററ് ഇന്ത്യാ" പ്രതിജ്ഞ നടത്തിയവർ എങ്ങനെ സമ്മതിക്കുംഎന്നു്. ഒന്നു ധരിക്കണം. ഒരു സത്യാഗ്രഹി അക്രമത്തിനു പുറകോട്ടാണു്. എന്നാൽസമാധാനപരവും അഭിമാനകരവുമായ ഒരു തീരുമാനമുണ്ടാകുന്നതിനുള്ള അവസരം കാണുന്ന ക്ഷണത്തിൽ ഒരു രഞ്ജിപ്പിനായി അവർ മുമ്പോട്ടു പായുകതന്നെ ചെയ്യും. മൗലികമായ അവന്റെ വാദങ്ങൾ സമ്മതിച്ചുകൊടുക്കുന്നപക്ഷം എതിരാളികളോടൊന്നിച്ചിരുന്നു കാര്യങ്ങൾ ചർച്ചചെയ്യുന്നതിൽ അവനു യാതൊരുമടിയുമില്ലതന്നെ. ഇതേഘട്ടത്തിൽ ഭക്ഷ്യപ്രശ്നം ഒന്നിനൊന്നു രൂക്ഷമായും തീർന്നു. ഒരു ദേശീയ ഗവർമ്മെണ്ടിനു മാത്രമെ അതിനു നിവാരണമുണ്ടാക്കുവാൻ സാധിക്കുകയുള്ളു എന്ന പ്രതിജ്ഞ. പ്രബലപ്പെടുകയും ചെയ്തു. സർവോപരി രാജ്യത്തിനു ഒരു വിശ്രമം വേണ്ടതായും വന്നു.

സിംലാ കോൺഫ്റൻസു പരാജയപ്പെട്ടു എങ്കിലും ഇന്ത്യൻപ്രശ്നം പരിഹരിക്കുന്നതിനു പ്രയോഗക്ഷമമായ ഏതെങ്കിലും പദ്ധതി താമസമെന്യേ തങ്ങൾ ആവിഷ്ക്കരിക്കുന്നതാണെന്നു ബ്രി. ഗവർമ്മെണ്ടു പ്രഖ്യാപനം ചെയ്യുകയുണ്ടായി. വളരെ മന്ദഗതിയിൽ പ്രവർത്തിക്കുന്ന ഒന്നാണു് ബ്രിട്ടീഷ് ബ്യൂറോക്രസി. പോരെങ്കിൽ പററിയ അവസരം കിട്ടുന്നതുവരെ കാര്യങ്ങൾ അവതാളത്തിൽ ഇടുന്നതാണു് എപ്പോഴും ബ്രിട്ടീഷ്കാരുടെ അടവും. സ്വന്തരാജ്യ

ത്തു തന്നെയോ അന്തർദ്ദേശീയരംഗത്തോ ഒരു സ്ഥിതിവ്യത്യാസമുണ്ടാകുകയും കൂടി ചെയ്താൽ മനസ്സില്ലാമനസ്സോടെ ചെയ്ത വാഗ്ദാനങ്ങൾ പാലിക്കാതിരിക്കുന്നതിനു ബ്രിട്ടീഷ്കാർ അവ മറയാക്കും. ഏതായാലും ഒരു വ്യതിയാനമുണ്ടായി. പക്ഷെ അതു ബ്രിട്ടീഷ്കാർക്കു അനുകൂലമല്ലായിരുന്നു. ഇംഗ്ളണ്ടിലെ പിന്തിരിപ്പൻമാരായ ടോറികളെ പിന്നിലാക്കി തൊഴിലാളികൾ വിജയം നേടി. ബഹുഭൂരിപക്ഷത്തോടുകൂടി തൊഴിലാളിക്കക്ഷി ഭരണസാരഥ്യം ഏറെറു. അന്തർദ്ദേശീയസ്ഥിതി അപകടം നിറഞ്ഞതായും തീർന്നു. സാമ്രാജ്യത്തിലെ ഏററവും ബലഹീനഘടകം ഇന്ത്യ ആയിരുന്നു. ഇതിനൊരു പോംവഴി കണ്ടുപിടിക്കുന്നതിനു ശ്രമം തുടങ്ങി: സ്ഥിതിഗതികൾ അന്വേഷിച്ചറിയുന്നതിനായി ഒരു പാർലമെൻററിപ്രതിനിധികമ്മററി ഇന്ത്യയിൽ വന്നു. അവരെ തുടർന്നു ഇന്ത്യാസെക്രട്ടറി പെത്തിക്കു ലാറൻസ്പ്രഭുവിൻെറ നേതൃത്വത്തിൽ ക്യാബിനററുമിഷനും എത്തി. പ്രധാന രാഷ്ട്രീയകക്ഷികളുടെ നേതാക്കന്മാരുമായി ക്യാബിനററുമിഷൻ ഒട്ടുവളരെ ചർച്ചകൾ നടത്തി. ഒരു സ്വതന്ത്ര ഐക്യഭാരതഭരണഘടന വാർത്തെടുക്കുന്നതിനായി ഒരു കോൺസ്റ്റിററുവൻറ് അസംബ്ളി വിളിച്ചുകൂട്ടുന്നതിനും കേന്ദ്രത്തിൽ ഒരു ഇടക്കാലഗവർമ്മെണ്ടു സ്ഥാപിക്കുന്നതിനുമുള്ള തങ്ങളുടെ പദ്ധതി ക്യാബിനററുമിഷൻ മെയ് 16-ാംനു-യിലെ പ്രസ്താവനയിൽ പ്രഖ്യാപനംചെയ്തു.

ഇങ്ങനെ കഴിഞ്ഞ ആറുവർഷത്തെ സംഭവങ്ങൾ പ്രത്യവലോകനംചെയ്തുകൊണ്ടും സിംലാ കൂടിയാലോചനകൾ, ഇടക്കാലഗവർമ്മെൻറിൽ ലീഗിൻെറ പ്രവേശം, അക്രമരാഹിത്യം, കുടിയാനും സ്റ്റേററിനും ഇടയ്ക്കുള്ള മദ്ധ്യവർത്തികളുടെ നിർമ്മാർജ്ജനംചെയ്യുക എന്നുള്ള കോൺഗ്രസ് ഭൂമിനയം, ഭക്ഷ്യപ്രശ്നം, ദ്വിരാഷ്ട്ര ജനതാസിദ്ധാന്തം, നാട്ടുരാജ്യങ്ങൾ, അയിത്തം, വിദേശനയം, തെക്കേ ആഫ്രിക്കൻ പ്രശ്നം, അയൽരാജ്യങ്ങൾ, കോൺഗ്രസ്സ് ഗവർമ്മെൻറുകൾ, കോൺഗ്രസ് ഭരണഘടന മുതലായ

വിഷയങ്ങളെ പരാമർശിപ്പുകൊണ്ടുമുള്ള അദ്ധ്യക്ഷപ്രസംഗം ഇപ്രകാരം ഉപസംഹരിച്ചു.-

"എന്നാൽ വെളിച്ചംകൊണ്ടുവരുന്ന യാത്രയിൽ നൂററാണ്ടുകറം ദീർഘിച്ച അന്ധകാരം അവസാനിപ്പിക്കാൻകഴിയും. ഇൻഡ്യയിൽ വിളക്കു കൊളുത്തിക്കഴിഞ്ഞു. അതു നമുക്കു സ്ഥിരമായി ജ്വലിപ്പിച്ചുകൊണ്ടിരിക്കുകയും അതിൻെറ മാർഗ്ഗം സ്വീകരിക്കുകയുംചെയ്യാം. വന്ദേമാതരം."

## ഉപസംഹാരം

വർഗ്ഗീയ സൗഹാർദ്ദത്തിനുവേണ്ടി ഉദ്വേഗപൂർവം അഭ്യർത്ഥിച്ചുകൊണ്ടാണ് ആചാര്യകൃപലാനി കോൺഗ്രസ് വാർഷിക സമ്മേളനത്തിലെ തൻെറ ഉപസംഹാരപ്രസംഗം ഉപസംഹരിച്ചതു്. അദ്ദേഹത്തിൻെറ ഈ ലഘു ജീവചരിത്രം ഉപസംഹരിക്കാറായിരിക്കുന്ന ഈ ഘട്ടത്തിലും സർവരഞ്ജകമായ അദ്ദേഹത്തിൻെറ സ്വഭാവവിശേഷത്തെപ്പററിയാണു് ഊന്നിപ്പറയാനുള്ളതു്. ജന്മായത്തവും കർമ്മായത്തവുമായ വാസനകറംകൊണ്ടു് ഒരു കമ്യൂണിസ്റ്റ്വിരോധിയായ ആചാര്യകൃപലാനി തൻെറകോൺഗ്രസ് സമ്മേളനപ്രസംഗത്തിൽ കമ്മ്യൂണിസത്തെപ്പററി തീവ്രമായ ഒരു ഉപാലംഭത്തിനു് ഉദ്യുക്തമായില്ല. അനാഗതശ്മശ്രുവായ യുവാവായിരുന്നപ്പോറം കമ്യൂണിസപ്രസംഗം കേറംക്കുന്നതിനേക്കാറം ക്രിക്കററുകളിയാണു് നല്ലതെന്നു് അലഹബാദിലെ ആനന്ദഭവനത്തിൻെറ അങ്കണത്തിൽവച്ചു് പറഞ്ഞ ആറം മീററിലെ സമ്മേളനാദ്ധ്യക്ഷപദത്തിൽ ആരോഹണംചെയ്തപ്പോറം കമ്യൂണിസത്തെപ്പററി വളരെ ശ്രദ്ധയോടുകൂടി സംസാരിച്ചു. ഭിന്നതകളെ ഒന്നിപ്പിച്ചുകൊണ്ടുപോകുന്നതും സാധാരണക്കാരെക്കൊണ്ടു് അസാധാരണകാര്യങ്ങറം ചെയ്യിക്കുന്നതുമാണല്ലൊ നേതൃത്വമാകുന്ന കല. ആ കല കൈവശമുണ്ടെന്നു മാത്രമാണു് ആചാര്യകൃപലാനി കാണിച്ചതു്.

ഇങ്ങനെയൊരു രഞ്ജകനില സ്വീകരിക്കുവാൻ നിയതിതന്നെ അദ്ദേഹത്തെ പ്രത്യേകം നിയോഗിച്ചിരിക്കുക

യാണോ എന്നു സംശയിക്കണം. വൈവിദ്ധ്യത്തിൽ ഐക്യം പുലർത്തുന്ന തന്റെമാതൃഭൂമിയെ ഇത്രയധികം അർഹതയോടുകൂടി പ്രതിനിധീകരിക്കുവാൻ മഹാത്മാഗാന്ധി കഴിഞ്ഞാൽ മറെറാരാൾ ഉണ്ടെന്നുതോന്നുന്നില്ല. ജനനം കൊണ്ടു് സിൻഡുകാരനാണല്ലോ ആചാര്യകൃപലാനി. താമസംകൊണ്ട് അദ്ദേഹം ബീഹാറി ആയിത്തീർന്നു എന്നു നാം കണ്ടു. കുറച്ചു കഴിഞ്ഞു് ബനാറീസിലേക്കു താമസം മാററിയപ്പോൾ അദ്ദേഹം ഒരു ഭായിയ അഥവാ ഐക്യസംസ്ഥാന പൗരൻ ആയിത്തീർന്നു. എന്നാൽ ഗുജറാത്തിൽ താമസമാക്കിയപ്പോൾ അദ്ദേഹം തികഞ്ഞ ഒരു ഗുജറാത്തിയുമായിതീർന്നു. ഗാന്ധിജി താൻ തന്നെ ആചാര്യകൃപലാനിയുടെ ബഹു സംസ്ഥാന പൗരത്വത്തെയും അങ്ങനെ അഖില ഭാരതീയത്വത്തെയും പരാമർശിക്കുകയും പ്രശംസിക്കയും ചെയ്തിട്ടുണ്ടു്. സന്ദർഭവശാൽ മഹാത്മാവു പറയുകയാണ്. "സിൻഡിയാണെങ്കിലും ബീഹാറിയായി ജനിച്ചയാളെക്കാൾ കൂടുതൽ ബീഹാറിയായി തീർന്ന ആളാണ് കൃപലാനി—സ്വന്തം സംസ്ഥാനമായി സ്വീകരിച്ചു അന്യസംസ്ഥാനത്തിൽ ഇതുപോലെ മുഴുകി കഴിഞ്ഞവരായി ഞാൻ വളരെ ചുരുക്കംപേരെമാത്രമേ കണ്ടിട്ടുള്ളു. അവരിൽ ഒരാളാണു കൃപലാനി" എവിടെനിന്നാണ് ആചാര്യകൃപലാനിക്കു ഈ അത്ഭുതകരമായ കഴിവു കിട്ടുന്നതു്. അദ്ദേഹത്തിന്റെ ആചാര്യനായ ഗാന്ധിജിയിൽനിന്നു തന്നെ. അന്ധനായ വിദ്യാർത്ഥിയായിരിക്കുന്നതിനേക്കാൾ ഞാൻ ആഗ്രഹിക്കുന്നതു അന്ധനായ അനുയായി ആയിരിക്കുന്നതിനാണ് എന്നാണല്ലോ അദ്ദേഹം തന്റെ ജീവിതരഹസ്യം ആവിഷ്ക്കരിച്ചിട്ടുള്ളതു്.

ഗാന്ധിജിയെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നു എന്ന ആക്ഷേപം ഉണ്ടാകുമ്പോൾ ആണു സാധാരണയായി ആചാര്യകൃപലാനി ഈ സമാധാനം നൽകുന്നതു്. ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഒരു മന്ദഹാസം വ്യാപരിക്കാറുമുണ്ടു്. എന്നാൽ ആ പുഞ്ചിരി കാണുന്ന

തുപോലെ നിർദ്ദോഷമല്ലെന്ന് അദ്ദേഹത്തിൻെറ കണ്ണുക ളിൽ ആവാക്കുകൾ പറയുമ്പോൾ ചിതറുന്ന തീജ്വാലകൾ തെളിയിക്കുന്ന മലകളെ ഇളക്കുന്നതു ന്യായവാദമല്ലെന്നും, വിശ്വാസം ആണെന്നും അദ്ദേഹം നിശ്ശബ്ദമായി പ്രഖ്യാ പനംചെയ്യുകയാണു ചെയ്യുന്നതു്. വാഗ്രപത്തിൽ ഉള്ള അദ്ദേഹത്തിൻെറ പ്രസ്താവനകളിൽ ആകട്ടെ ഗാന്ധിജി യെപ്പോലെ അനുസരിക്കപ്പെടുവാൻ അർഹത മററാർക്കു ണ്ടു് എന്ന ന്യായവാദവും അടങ്ങിയിരിക്കും.

അദ്ദേഹം ഗാന്ധിയൻ അഹിംസാ തത്വത്തിൻെറ ശ്രേ ഷ്ഠിതപ്രമുഖനായി തീൎന്നതു് അത്ഭുതകരമല്ലെന്നു പ്രകട മാണല്ലോ. ഭിന്നവർഗ്ഗങ്ങളും ഭിന്നതാല്പര്യങ്ങളും ഒരു ചരടിൽ പുഷ്പങ്ങൾ കണക്കു കോൎക്കുന്നതിനുള്ള ആ ചാര്യ കൃപലാനിയുടെ അനന്തരപുരുഷസാധാരണമായ സാ മർത്ഥ്യം അദ്ദേഹത്തിനു കീർത്തി വർദ്ധിപ്പിക്കുന്നതും നമു ക്കെല്ലാവർക്കുംനന്മ കൈവരുത്തുന്നതും ആയി, ഇതരഭാരതീ യ നേതാക്കന്മാരോടുകൂടി അദ്ദേഹം ഇപ്പോൾ പങ്കെടുക്കുന്ന ഇൻഡ്യൻ കോൺസ്റ്റിറ്റ്യുവൻറു അസംബ്ലിയിൽ പ്രയോ ജനപ്പെടട്ടെ, പ്രകാശിക്കട്ടെ എന്നു ജഗൽപിതാവിനോ ടു പ്രാർത്ഥിച്ചുകൊള്ളുന്നു.

# "ഓമനകൾ"

സുപ്രസിദ്ധ സാഹിത്യകാരനായ ശ്രീ. ഏ. ബാലകൃഷ്ണപിള്ള ബി. ഏ. ബി. എൽ. എഴുതിയിട്ടുള്ള ഒന്നാംകിടയിലുള്ള ഒരു നോവലാണിതു്.... മര്യാദക്കാരിയെന്ന ഭാവത്തിൽ ജീവിച്ച ഒരു സ്ത്രീയുടെ രണ്ടു സന്താനങ്ങളുടെ പിതാക്കന്മാർ ആ സ്ത്രീയുടെ ഭർത്താവല്ലായിരുന്നു. ഒടുവിൽ ഇളയകുട്ടിയെ അതിൻെറ അച്ഛൻ കൊണ്ടുപോകാൻ ശ്രമിക്കുന്നു. മൂത്തകുട്ടി അതിനു വിസമ്മതിക്കുന്നു. അവസാനം തൻെറ കുഞ്ഞുസഹോദരനെയുംകൊണ്ടു മൂത്തകുട്ടി ഒരു മുറിയിൽകയറി ശ്വാസം മുട്ടത്തക്കവണ്ണം പുകയുണ്ടാക്കി മരിക്കുന്നു. തുടിക്കുന്ന ഹൃദയത്തോടും നനഞ്ഞ കണ്ണുകളോടുംകൂടി അല്ലാതെ ഈ പുസ്തകം വായിക്കുവാൻ സാദ്ധ്യമല്ല.

നോവൽ വായനക്കാക്കും, ചെറുകഥാപ്രണയികൾക്കും ഒരുപോലെ പ്രിയംകരമായ ഈ പുസ്തകം കട്ടിയുള്ള മനോഹരമായ സചിത്രദ്വിവർണ്ണക്കവർകൊണ്ടു കമനീയമാക്കിയിരിക്കുന്നു. വില ഒരു രൂപാ മാത്രം.

# പൊൻകതിരുകൾ

7 കഥകൾ അടങ്ങിയ പുസ്തകം

മെ. തകഴി ശിവശങ്കരപ്പിള്ള, എൻ കൃഷ്ണപിള്ള ബി ഏ ഓണേഴ്സ്, തൈക്കാട്ടു ചന്ദ്രശേഖരൻനായർ, പി സി കോരുതു്, കെ സരസ്വതിയമ്മ ബി എ. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്; ഈ എം കോവൂർ ബി എ ബി എൽ എന്നിവരുടെ ഒന്നാംതരം കഥകൾ. ദ്വിവർണ്ണക്കവർ. വില 1 രൂപാ

പി. സി. ബുക്ക്സ്റ്റാൾ-കോട്ടയം.

F
107


# ചെറുകഥാഗ്രന്ഥങ്ങൾ

## കാഞ്ചനമാല (7 കഥകൾ)

മെ. തകഴി ശിവശങ്കരപ്പിള്ള, പൊൻകുന്നം വക്കി, കാരൂർ നീലകണ്ഠപ്പിള്ള, കെ. സരസ്വതി അമ്മ ബി. ഏ., പി. സി. കോരുത്, നാഗവള്ളിൽ ആർ എസ്സ്. കുറുപ്പ് ബി. ഏ. ബി. ററി., പി. കേശവദേവ് എന്നിവരുടെ കഥകൾ ഇതിൽ അടങ്ങിയിരിക്കുന്നു. വില 1 രൂ.

## ചിട്ടിത്തലയാൾ (നോവൽ)

പരമലുബ്ധനും പണംമേശരണക്കാരനുമായ ഒരു ധനികന്റെ ദയനീയ ജീവിതപരാജയം—വായനക്കാരെ ഹർഷപുളകിതരാക്കുന്ന വർണ്ണനകൾ കൊണ്ടു് ഈ നോവൽ നിറഞ്ഞിരിക്കുന്നു. ഗ്രന്ഥകർത്താവ് ചിത്രമെഴുത്തു് കെ. എം. വറുഗീസ്.

വില 1 രൂ.

## ലീലാനന്ദനം (6 കഥകൾ)

മെ. എൻ. പി. ചെല്ലപ്പൻനായർ ബി. ഏ. ബി. എൽ., ഏ. ബാലകൃഷ്ണപിള്ള ബി. ഏ. ബി. എൽ. പി. സി. കോരുത്, നാലാങ്കൽ കൃഷ്ണപിള്ള എം. ഏ. എൽ. ററി., കൈനിക്കര കുമാരപിള്ള എം. ഏ. എൽ. ററി., ഗോവിന്ദൻ നായർ എന്നിവരുടെ കഥകൾ ചേർന്ന ഗ്രന്ഥം. വില 1 രൂ.

## അറിയിപ്പ്

സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ വളരെയിനം പുസ്തകങ്ങൾ ഉൾപ്പെടുത്തി ഏതെങ്കിലും സ്ഥലത്തു ബുക്ക്സ്റ്റാളുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ ഞങ്ങളുടെ പേർക്കു് എഴുതുക. ആകെ 125 രൂപ മാത്രം മുടക്കിയാൽ മതി. ജനറൽ മർച്ചൻറ്സ് പ്രത്യേകിച്ചും ഈ സുവർണ്ണാവസരം നഷ്ടപ്പെടുത്തരുത്.

**പി. സി. ബുക്ക്സ്റ്റാൾ, കോട്ടയം**

ഇന്നത്തെ ഗ്രന്ഥം | ദേശീയഗ്രന്ഥം

# പണ്ഡിത ജവഹരിലാൽ നെഹ്രു.

ഓരോ, കേരളീയനും അവശ്യം വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിതു്. പണ്ഡിതജീയുടെ രാഷ്ട്രീയ സേവനങ്ങൾ, അപദാനങ്ങൾ, മുതലായി അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇതുവരെ നടന്നിട്ടുള്ള സകല വിവരങ്ങളും, ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു.

ഗ്രന്ഥകർത്താ:-
മി: നാലാങ്കൽ കൃഷ്ണപിള്ള എം.എ., എൽ. റ്റി.

ഇംഗ്ലീഷ് മട്ടിൽ കട്ടിബയന്റുചെയ്തു തയ്യാറാക്കിയിരിക്കുന്ന ഈ മനോഹര സചിത്ര ഗ്രന്ഥത്തിനു വില രൂ. ഒന്നര മാത്രം.

പി. സി. ബുക്ക്സ്റ്റാൾ-കോട്ടയം.

*Printed at the Powradhwany Press, Kottayam.*

f 107
107
210806
923.2
1KR1
107
Indic Digital Archive Foundation
gpura.org